# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെടുമുടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-1/743/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 16/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-1/743/2022 തീയ്യതി: 16/07/2022

## ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പി.സാബു, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി. ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം,കെ.ചാക്കോ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 20-12-2020 |
| മിനി മൻമദൻ നായർ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോയ്യാത്യ | സെക്രട്ടറി | 01-04-2020 | 24-12-2020 |
| ലീനാമോൾ.എൻ.സി | സെക്രട്ടറി | 28-12-2020 | 27-01-2021 |
| സാജുമോൻ പത്രോസ് | സെക്രട്ടറി | 08-02-2021 | 31-03-2021 |
| പ്രദീപ് പി.വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ദീപ.എസ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.നജ്മുദ്ദീൻ | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.റോയ് ബി ഉണ്ണിത്താൻ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2020 | 31-03-2021 |
| നിള.എം | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 01-04-2020 | 14-11-2020 |
| അനില ശശിധരൻ | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 15-11-2020 | 31-03-2021 |
| രാജേഷ് എസ്.ജെ | വി .ഇ .ഒ | 01-04-2020 | 31-03-2021 |
| പ്രജിഷാകുമാരി റ്റി.എസ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ജയശ്രീ കെ.എസ് | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| സിമി മോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ലീനാമോൾ.എൻ.സി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| മഞ്ജു ഫിലിപ്പ് | അസി .എഞ്ചിനിയർ | 01-04-2020 | 20-04-2020 |
| രശ്മി.എസ് | .അസി .എഞ്ചിനിയർ | 01-05-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 30-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 05-07-2022) | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 30-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 29-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 29-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 29-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 29-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 29-06-2022) | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 29-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 29-06-2022) | 1-9 |
| 11 | മൊബൈൽ ടവറിന്റെ വസ്തു നികുതി  കുടിശ്ശികയായി നിലനിൽക്കുന്നു<br>Written By: Lakshmikanth P (Auditor, On 29-06-2022)<br>Last Updated By: Lakshmikanth P (Auditor, On 30-06-2022) | 1-10 |
| 12 | തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്തിട്ടില്ല - വരുമാന നഷ്ടം ഉണ്ടാകുന്നു.<br>Written By: Lakshmikanth P (Auditor, On 29-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-11 |
| 13 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തിട്ടില്ല- 7500/- രൂപ വരുമാന നഷ്ടം<br>Written By: Lakshmikanth P (Auditor, On 29-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-12 |
| 14 | കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു-<br>Written By: Lakshmikanth P (Auditor, On 30-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-13 |
| 15 | പാലത്തിക്കാട് കടത്ത് പുനർലേലം- 89,000/- രൂപ കുടിശ്ശിക നിലനിൽക്കുന്നു.<br>Written By: Lakshmikanth P (Auditor, On 29-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-14 |

| | | |
|---|---|---|
| 16 | കുടിവെള്ള പദ്ധതി സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തിയായതിനുശേഷം ഭൂജലവകുപ്പിൽ അവശേഷിക്കുന്ന 69716/- രൂപ തിരികെ ലഭ്യമാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 29-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 30-06-2022) | 1-15 |
| 17 | സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല<br>Written By: Sreedevi.R (Senior Grade Auditor, On 28-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 30-06-2022) | 1-16 |
| 18 | ലൈഫ് മിഷൻ ഭവനം- നിർമ്മാണം ആരംഭിക്കാത്തവരിൽ നിന്നും മുൻകൂർ നൽകിയ തുക തിരികെ ഈടാക്കിയില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 29-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-17 |
| 19 | പ്രവർത്തനക്ഷമമല്ലാത്ത പൊതു ടാപ്പുകൾ -വാട്ടർ ചാർജ് കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Lakshmikanth P (Auditor, On 29-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-18 |
| 20 | വൃദ്ധർക്ക് കട്ടിൽ വിതരണം-അനർഹരായവർക്ക് ആനുകൂല്യം നൽകി- 4350/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.<br>Written By: P.Sabu (Audit Officer (HG), On 28-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-19 |
| 21 | കയറ്റിറക്ക് കൂലി അധികം നൽകി-നഷ്ടം-Rs-1817/- രൂപ<br>Written By: P.Sabu (Audit Officer (HG), On 28-06-2022)<br>Last Updated By: Lakshmikanth P (Auditor, On 30-06-2022) | 1-20 |
| 22 | പത്രപരസ്യം -ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Lakshmikanth P (Auditor, On 29-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-21 |
| 23 | ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല-നഷ്ടം 29,331/- രൂപ<br>Written By: Lakshmikanth P (Auditor, On 29-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-22 |
| 24 | മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ്- അനുവദനീയമായ തുക പൂർണ്ണമായും വിതരണം ചെയ്യപ്പെടുന്നില്ല-തടസ്സം-47250/-രൂപ<br>Written By: P.Sabu (Audit Officer (HG), On 28-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-23 |
| 25 | ഐ.കെ.എം.വിഹിതം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 28-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 30-06-2022) | 1-24 |
| 26 | മരണം റിപ്പോർട്ട് ചെയ്യതിന് ശേഷവും പെൻഷൻ അനുവദിക്കുന്നത് മൂലം ഭീമമായ തുക അനർഹരുടെ കൈകളിൽ എത്തുന്നു-<br>Written By: Lakshmikanth P (Auditor, On 29-06-2022)<br>Last Updated By: Lakshmikanth P (Auditor, On 30-06-2022) | 1-25 |
| 27 | ഫണ്ട് വിനിയോഗം - ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവ്<br>Written By: Sreedevi.R (Senior Grade Auditor, On 29-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-26 |
| 28 | മുദ്രപത്ര വില ഈടാക്കിയതിൽ കുറവ്-നഷ്ടം-4553/- രൂപ<br>Written By: P.Sabu (Audit Officer (HG), On 25-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-27 |
| 29 | MGNREGS - കരാറുകാരനിൽ നിന്നും ജിഎസ്റ്റി ഈടാക്കിയില്ല-നഷ്ടം - 18735/-രൂപ<br>Written By: P.Sabu (Audit Officer (HG), On 28-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-28 |

| | | |
|---|---|---|
| 30 | MGNREGS- മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-നഷ്ടം-7089/- രൂപ<br>Written By: P.Sabu (Audit Officer (HG), On 28-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-29 |
| 31 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ -<br>Written By: P.Sabu (Audit Officer (HG), On 28-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-30 |
| 32 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം<br>Written By: P.Sabu (Audit Officer (HG), On 29-06-2022)<br>Last Updated By: Lakshmikanth P (Auditor, On 30-06-2022) | 1-31 |
| 33 | മഴക്കാല പൂർവ ശുചീകരണം - ഫണ്ട് വിനിയോഗം ലക്ഷ്യം കാണുന്നില്ല<br>Written By: Lakshmikanth P (Auditor, On 30-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-32 |
| 34 | പ്രൊക്യൂർമെന്റ് കമ്മിറ്റി- പ്രവർത്തനം ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെടുന്നില്ല-<br>Written By: P.Sabu (Audit Officer (HG), On 30-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-33 |
| 35 | സർക്കാർ നിർദ്ദേശപ്രകാരമുള്ള പത്തുണ്ടിന പരിപാടികൾ നടപ്പാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചു<br>Written By: Sreedevi.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Lakshmikanth P (Auditor, On 30-06-2022) | 1-34 |
| 36 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 30-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 1-35 |
| ഭാഗം **2** | | |
| 1 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 7500/- രൂപ വരുമാന നഷ്ടം<br>Written By: Lakshmikanth P (Auditor, On 29-06-2022)<br>Last Updated By: Lakshmikanth P (Auditor, On 30-06-2022) | 2-1 |
| ഭാഗം **3** | | |
| 1 | ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല-നഷ്ടം 29,331/- രൂപ<br>Written By: Lakshmikanth P (Auditor, On 30-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 3-1 |
| 2 | MGNREGS - കരാറുകാരനിൽ നിന്നും ജിഎസ്സ്ടി ഈടാക്കിയില്ല-നഷ്ടം - 18735/-രൂപ<br>Written By: P.Sabu (Audit Officer (HG), On 30-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 3-2 |
| 3 | MGNREGS- മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-നഷ്ടം-7089/- രൂപ<br>Written By: P.Sabu (Audit Officer (HG), On 30-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 3-3 |
| 4 | മുദ്രപത്ര വില ഈടാക്കിയതിൽ കുറവ്-നഷ്ടം-4553/- രൂപ<br>Written By: P.Sabu (Audit Officer (HG), On 30-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 3-4 |
| 5 | കയറ്റിറക്ക് കൂലി അധികം നൽകി-നഷ്ടം-Rs-1817/- രൂപ<br>Written By: P.Sabu (Audit Officer (HG), On 30-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 3-5 |
| 6 | വൃദ്ധർക്ക് കട്ടിൽ വിതരണം-അനർഹരായവർക്ക് ആനുകൂല്യം നൽകി- | 3-6 |

| | | |
|---|---|---|
| | 4350/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.<br>Written By: P.Sabu (Audit Officer (HG), On 30-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 29-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 29-06-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 29-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 29-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 29-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 29-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 29-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: P.Sabu (Audit Officer (HG), On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Lakshmikanth P (Auditor, On 22-06-2022)<br>Last Updated By: Lakshmikanth P (Auditor, On 30-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 16.03.2020 തീയതിയിലെ1 (1 )-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 149632348 | 148356000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 149684540 | 145611 |

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക 2020-21 സമർപ്പിച്ച തീയതി | |
|---|---|
| ഇമെയിലിൽ | 18.08.2021 |
| എയിംസിൽ | 04.07.2022 |

## 1-2-1 വാർഷികകണക്കിലെ അപാകതകൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ 22.09.2020- മുതൽ ഐ.എൽ.ജി.എം.എസ് ആരംഭിച്ചിട്ടുണ്ട്. ഐ.എൽ.ജി.എം.എസ് ആരംഭിക്കുന്നതിന് തൊട്ടു തലേദിവസത്തെ (21.09.2020) സാംഖ്യയിൽ നിന്നുള്ള തുകകൾ പാസ്റ്റ് ഡാറ്റാ എൻട്രി നടത്തിയപ്പോൾ ഐ.എൽ.ജി.എം.എസ്-മുന്നിരിപ്പിലേക്ക് പൊരുത്തപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിനായി 21.09.2020ലെ സാംഖ്യയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി താരതമ്യം ചെയ്ത് പരിശോധിച്ചതിൽ എൻട്രികളിൽ പൊരുത്തക്കേടുകൾ കാണുന്നു.

| ഇനം/വിവരണം | സാംഖ്യ നീക്കിയിരിപ്പ് 21.09.2020 | ഐ.എൽ.ജി.എം.എസ് മുന്നിരിപ്പ് 21.09.2020 |
|---|---|---|
| I-10 Estalishment Expenses | | |
| 210200204-Festival Allowance | 61040 | 0 |
| 210200207-Special Festival Allowance | 0 | 36290 |
| I-11 Administrative Expenses | | |
| 220110103-Water Charge Office | 0 | 1950 |
| I-14 Decentralised Plan Proramme-Productive Sector | | |
| 250110103- Animal Husbandry- Infra Structure -Medicine For Veterinary Hospital | 0 | 88753 |
| I-14(A) Decentralised Plan Proramme-Service Sector | | |
| 251110012-Medical Institution -Alloppathy -Health Related Activities | 0 | 123220 |

| | | |
|---|---|---|
| I-14(C) Decentralised Plan Proramme-Projects Not Included In Sector Division | | |
| 253101401-Payments To Drinking Water | 6900 | 0 |
| B-9 Other Liabilities | | |
| 350110102 Employees Liabilities-Net Salary Payable | 24750 | 0 |
| 35020010 Recoveries Payable/ Kerala Panchayat Provident Fund | 0 | 129260 |
| B-18 Loans, Advaces And Deposits | | |
| 460100103 Temporary Advance For OfficialPurpose | 1049588 | 1022838 |
| 46010019 Other Advances | 0 | 150000 |
| 460500204 Advances To ImplementingAgencies-Deposit With Ground Water Department | 1829000 | 3669000 |

2.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ്എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവിൽ, സർക്കാർ ഉത്തരവുകൾ പ്രകാരം സ്രോതസ്സിൽ കുറവ് ചെയ്തിട്ടുള്ള തുകകൾ ഉൾപ്പെടുത്തിയിട്ടില്ല, എന്നാൽ ചെലവിൽ ടി തുകകൾ കൂടി ഉൾപ്പെടുന്നതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പിൽ വ്യത്യാസം കാണുന്നു.

4. സുലേഖ ചെലവ് പത്രിക , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ ചെലവ് 18806405 ആണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ചെലവ് 18765351 ആണ്. വ്യത്യാസം - 41054/-രൂപ

5. .ഡെപ്പോസിറ്റ് രജിസ്റ്ററിലെ വരവ് , ചെലവ് , നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കുമായി യോജിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | രജിസ്റ്ററിലെ തുകകൾ | വാർഷികകണക്കിലെ തുക RP-33 | വ്യത്യാസം |
|---|---|---|---|
| Suppliers S D -Receipt | 304503 | 334573 | 30070 |
| Contractors EMD-Payment | 94890 | 64010 | 30880 |
| Contractors S D-Refund | 122170 | 117470 | 4700 |
| Suppliers EMD-Receipt | 53100 | 3000 | 51000 |
| Other Deposit--Receipt | 10977 | 14042 | 3065 |
| Other Deposit-Payment | 2851 | 5916 | 3065 |

6. ലേലം രജിസ്റ്റർ പ്രകാരം തൻവർഷം ഡിമാന്റ് -191050 കളക്ഷൻ-102050 , ബാലൻസ്-89000 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇൻകം എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് I-4 പ്രകാരം ഫെറി ചാർജ് കളക്ടഡ് -99650/-

രൂപ മാത്രമാണ്. കൂടാതെ ബാലൻസ് ഷീറ്റിൽ കുടിശിക തുക ഉൾപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ കുടിശിക തുക 131200 രൂപയും ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

7.കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ) ചട്ടങ്ങൾ, 2011 ചട്ടം 62 ൽ വ്യവസ്ഥ ചെയ്തിട്ടുള്ള റിപ്പോർട്ടുകൾ വാർഷിക കണക്കിൽ നിലവിൽ ഉൾപ്പെടുന്നില്ല. ഉദാഹരണമായി, അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, മുൻവർഷത്തെ താരതമ്യ തുകകൾ. എന്നിവ വാർഷിക കണക്കിനൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല.

ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. (നം.25/29.06.2022)

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15367548 |
| വരവ് | 58083878 |
| ആകെ | 73451426 |
| ചെലവ് | 62685557 |
| നീക്കിയിരിപ്പ് | 10765869 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ. പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ. പ്രകാരം) | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17559960 | 17559960 | 2382538 | 16382813 | 1177147 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 4875726 | 4875726 | 234274 | 3179626 | 1696100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്( ബേസിക്) | 0 | 11655686 | 11655686 | 0 | 7327110 | 4328576 |
| ധനകാര്യ കമ്മീഷൻ ഗ്രാൻറ് TIED | 0 | 5220000 | 5220000 | 0 | 1500000 | 3720000 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 2689000 | 2689000 | 0 | 2273597 | 415403 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 4017946 | 4017946 | 0 | 3002760 | 1015186 |

9

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 167 | 85740551 | 99 | 41449982 | 25 | 53 | 59 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1170 | 383165 | 384335 | 370154 | 14181 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 45140154 | 45140154 | 45140154 | 0 |
| ആകെ | 1170 | 45523319 | 45524489 | 45510308 | 14181 |

## 1-7 ക്ഷേമപദ്ധതികൾ

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 33840 | 47 |
| കർഷകതൊഴിലാളി പെൻഷൻ | 21489900 | 63 |
| വിധവാ പെൻഷൻ | 8355700 | 19 |
| വാർദ്ധക്യകാല പെൻഷൻ | 14871600 | 172 |
| വികലാംഗപെൻഷൻ | 3875400 | 9 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 894000 | 60 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-06-2022 തീയ്യതിയിൽ 3:00 PM സമയത്ത് അസ്സി:സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 1765/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെപ്പറയുന്നവ കൂടി പരിഗണിച്ച് അഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതല മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളതെന്ന് കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. ആയത് പാലിക്കപ്പെട്ടിട്ടില്ല.മോണിറ്ററിംഗ് റിപ്പോർട്ട് ഭൂരിഭാഗം പ്രവർത്തികളുടെ ഫയലിലും ഉൾപ്പെടുത്തിയിട്ടില്ല.

3.തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം 2020-21 വർഷവും ഏർപ്പെടുത്തിയിട്ടില്ല.

4. പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായിട്ടല്ല വെള്ളക്കരം ഡിമാന്റ് ചെയ്യപ്പെടുന്നത്. തന്മൂലം യഥാർത്ഥത്തിലുള്ള ടാപ്പുകളുടെ എണ്ണത്തെക്കാൾ അധികം ഉള്ള ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കേണ്ടി വരുന്നു.പൊതുവെ തനത് വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിന്റെ ധനസ്ഥിതിയെ ഇത് സാരമായി ബാധിക്കുന്നു.

5. തൊഴിൽ നികുതി , ആയത് ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ വിഭാഗം ആളുകളിൽനിന്നും ഈടാക്കാത്തതിനാലും, കടത്ത് ലേലം ഉടങ്ങിയ പ്രധാന തനത് വരുമാനങ്ങൾ പൂർണ്ണമായും പിരിച്ചെടുക്കാത്തതിനാലും, സ്വതവെ തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിന് ലഭിക്കേണ്ടുന്ന തനത് വരുമാനത്തിൽ പോലും കുറവുണ്ടാകുന്നു.

6. ക്ഷേമ പെൻഷനുകൾ ഗുണഭോക്താവിന്റെ മരണശേഷവും വിതരണം നടത്തുകയും, അനർഹർ കൈപ്പറ്റുകയും ചെയ്യുന്നു. ആയത് നിരീക്ഷിച്ച് , തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

7. ടൂറിസത്തിന് വളരെയധികം സാധ്യതയുള്ള ഈ പഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന - ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ

വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിയായി നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്തിലെ ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ (9/212എ) 2018-19 മുതൽ 2020-11 സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി, പലിശ ഉൾപ്പടെ 27,502/- രൂപാ കുടിശ്ശികയായി നിലനിൽക്കുന്നു . 2013-14 മുതൽ 2018-19 സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി കടിശ്ശിക ഈടാക്കാൻ 2018-19 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.2017-18 കാലയളവ് വരെയുള്ള കുടിശ്ശിക 2021 എപ്രിൽ മാസത്തിൽ പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷത്തിന് (നം: 17 /തിയ്യതി: 27-06-2022 ) ലഭ്യമാക്കിയ മറുപടിയിൽ ബാക്കിയുള്ള തുകയ്ക്ക് Arrear Demand Notice, R.R.Notice എന്നിവ നല്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുടർ നടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല - വരുമാന നഷ്ടം ഉണ്ടാകുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. പഞ്ചായത്തിന്റെ 2020-21ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ റേഷൻ വ്യാപാരികളിൽ നിന്നും, കരാറുകാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല. 2020-21ലെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽപ്പെടുന്ന റേഷൻ വ്യാപാരികളിൽ നിന്നും, കള്ളുഷാപ്പുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടു. 22.01.2019ലെ സിവിൽസപ്ലൈസ് ഡയറക്ടറുടെ (സി.എസ്)എ9-764/2019 നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന റേഷൻ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്.ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം:19 /27-06-22 ) നല്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെടുന്ന റേഷൻ വ്യാപാരികൾക്കും കള്ളുഷാപ്പുകൾക്കും,തൊഴിൽ നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരുടെ പേര് / മേൽവിലാസം |
|---|---|
| 1 | മത്തായി കെ ആൻറണി |
| 2 | വർഗ്ഗീസ് അബ്രഹാം |
| 3, | അനിരുദ്ധൻ പി എസ് |
| 4, | സജീമോൻ ഇ ബി |
| 5, | ധനഞ്ജയൻ വി പി |
| 6, | സാലിച്ചൻ |
| 7, | ശ്രീജിത്ത് ടി കെ |
| 8, | തോമസ് എം എം |
| 9, | തോമസ് മാത്യു |
| 10, | സതീഷ് കുമാർ എസ് വി |
| 11 | സുകുമാരി രമണൻ |
| 12 | ശ്രീകുമാർ എം കെ |
| 13 | തോമസ് എം പി |
| 14 | ജോസഫ് കുഞ്ചറിയ |
| 15 | രാജേഷ് കൃഷ്ണൻകുട്ടി |
| 16 | തോമസ് എം പി |
| 17 | ജോസഫ് എ ജെ |

1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എ പ്രകാരം ടി കരാറുകാർ പഞ്ചായത്ത് പരിധിയിൽ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി കൊടുക്കുവാൻ ബാധ്യസ്ഥരാണ്. ചട്ടം 8 പ്രകാരം ടി

കരാറുകാരുടെ ടേണോവറിന്റെ അടിസ്ഥാനത്തിൽ ആകണം തൊഴിൽ നികുതി നിശ്ചയിക്കേണ്ടത്.ഈ കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19 / തീയതി 27-06-2022) മറുപടി ലഭിച്ചില്ല. ഈ കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആ വിവരം പരിശോധിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതും, അല്ലാത്ത പക്ഷം പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 7500/- രൂപ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2020-21ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1, | മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, പൊങ്ങ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| 2, | മുളമൂട്ടിൽ ഫിനാൻസിയേഴ്സ് , പൂപ്പള്ളി | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| 3 | വൈപ്പും മഠം ഫിനാൻസിയേഴ്സ് , ബി.എസ്.എൻ.എൽ ജംഗ്ഷൻ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| ആകെ | | | 7500/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:13 ,തീയതി 25/06/2022) മറുപടി ലഭിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു-

2020-21 ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ ലൈസൻസിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയോ ലൈസൻസ് ഫീസ് ഒടുക്കുകയോ ചെയ്തിട്ടില്ല. 22.01.2019ലെ സിവിൽസപ്ലൈസ് ഡയറക്ടറുടെ (സി.എസ്)എ9-764/2019 നമ്പർ സർക്കുലറിൽ കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ ലൈസൻസ് ഫീസ് ഒടുക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ ലൈസൻസിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയോ ലൈസൻസ് ഫീസ് ഒടുക്കുകയോ ചെയ്തിട്ടില്ല. ഇത് കൂടാതെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലായെന്നും കണ്ടു. പഞ്ചായത്ത് പരിധിയിലെ കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കുകയും ഇത്തരം വരുമാന നഷ്ടം ഒഴിവാക്കുന്നതിന്' നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അതുപോലെ തന്നെ പഞ്ചായത്ത് പരിധിക്കുള്ളിൽ ഒരു സ്ഥാപനവും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന വിവരം ഉറപ്പുവരുത്തേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 പാലത്തിക്കാട് കടത്ത് പുനർലേലം- 89,000/- രൂപ കുടിശ്ശിക നിലനിൽക്കുന്നു.

പഞ്ചായത്തിലെ 2020-21 ലേല രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള പാലത്തിക്കാട് കടത്ത് 02-06-2020 ൽ പുനർലേലം ചെയ്തതിൽ 1,35,000/- രൂപയ്ക്ക് ലേലം കൊണ്ട ശ്രീ രമേശൻ, അറയ്ക്കൽ എന്ന വ്യക്തി 89,000/-രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി രജിസ്റ്ററിൽ കാണുന്നു.കടത്ത് പുനർലേലം ചെയ്യുന്നതിനായി പഞ്ചായത്ത് പ്രസിദ്ധീകരിച്ച പരസ്യ പ്രകാരം 5001/- രൂപയ്ക്ക് മുകളിൽ ലേലം കൊള്ളുന്ന കരാറുകാർ പ്രവർത്തി ആരംഭിക്കുന്നതിന് മുൻപായി ലേലത്തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവൻസി പത്രം ഹാജരാക്കുകയോ അല്ലാത്ത പക്ഷം മുഴുവൻ ലേലത്തുകയും പഞ്ചായത്തിൽ ഒടുക്കിയതിനു ശേഷം മാത്രമേ പ്രവർത്തി ആരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിരുന്നു എങ്കിലും ടി ലേല വ്യവസ്ഥ പാലിക്കപ്പെടാതെ തന്നെ കരാറുകാരൻ കടത്തിന്റെ പ്രവർത്തനം ആരംഭിക്കുകയാണ് ചെയ്തത്. ലേലത്തുക അടവാക്കുന്നതിലേക്കായി കത്തുകൾ നൽകിയെങ്കിലും തുക പഞ്ചായത്തിൽ ഒടുക്കാത്തതിനാൽ റവന്യൂ റിക്കവറിയ്ക്കായി 19.05.2021 ഇൽ ബഹു: ജില്ലാ കളക്ടർ മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കരാറുകാരനിൽ നിന്ന് ലേല കുടിശ്ശിക തിരികെ ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷത്തിന് (നം:12 , തീയതി:25-06-2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-15 കുടിവെള്ള പദ്ധതി സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തിയായതിനുശേഷം ഭൂജലവകുപ്പിൽ അവശേഷിക്കുന്ന 69716/- രൂപ തിരികെ ലഭ്യമാക്കിയില്ല

പ്രോജക്ട് നം.93/21

വാർഡ് 14 ലെ കുടിവെള്ള പദ്ധതി സാഥാപിക്കൽ (Spill Over)

നിർവ്വഹണം - സെക്രട്ടറി

വാർഡ്14 ൽ കുടിവെള്ള പദ്ധതി സാഥാപിക്കുന്നതിനായി ഭൂജലവകുപ്പിന് 1840000 രൂപ (ബിൽ നം.10/12.06.2020) ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്ന് കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി 1770284/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഭൂജലവകുപ്പ് ജില്ലാഓഫീസർ 22.05.2022 ൽ ലഭ്യമാക്കി. (നം.ജി.ഡബ്ളിയു.എ/905/2019) എന്നാൽ അവശേഷിക്കുന്ന 69716/- രൂപ തിരികെ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21.06.2022) മറുപടി ലഭിച്ചില്ല. തുക തിരികെ ഈടാക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ 69716/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2020-21 വർഷം നടപ്പാക്കിയ വിവിധ നിക്ഷേപ പ്രവത്തികൾ പൂർത്തീകരിച്ച് വിനി യോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | നൽകിയ തുക/ ബിൽ നം./ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 160/21/വാർഡ് മൂന്നിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (Spill Over) | കേരള വാട്ടർ അതോറിറ്റി | 1500000/- 32/24.02.2021 | പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 2 | 91/21/ വാർഡ് 10ൽ 70ൽ ഭാഗം മുതൽ കോമഠം വരെ പൈപ്പ് ലൈൻ ബന്ധിപ്പിക്കൽ | | 165000/- 21/05.11.2020 | |
| 3 | 109/21/വാർഡ് 5ൽ കൊട്ടാരം ബോട്ട്ജെട്ടി മുതൽ ദേശസേവിനി വായനശാല വരെ പൈപ്പ് ലൈൻ നീട്ടൽ(Spill Over) | | 102100/ 23/05.11.2020 | |
| 4 | 107/21/ഭസ്മത്തറ ശ്മസാനത്തിലേക്കുള്ള പൈപ്പ് ലൈൻ | | 120000/- 20/05.11.2020 | |

| | | | | |
|---|---|---|---|---|
| | വാട്ടർ അതോറിറ്റി ലൈനുമായി ബന്ധിപ്പിക്കൽ | | | |
| 5 | 92/21/തത്തേരി കുടിവെള്ള പദ്ധതിയുടെപൈപ്പ് ലൈൻ നീട്ടൽ.(Spill Over) | ഭൂജലവകുപ്പ് | 230000/- 22/05.11.2020 | പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| | ആകെ | | 2117100 | |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/21.06.2022) പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു.രേഖകൾ ഹാജരാക്കുന്നത് വരെ 2117100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ലൈഫ് മിഷൻ ഭവനം- നിർമ്മാണം ആരംഭിക്കാത്തവരിൽ നിന്നും മുൻകൂർ നൽകിയ തുക തിരികെ ഈടാക്കിയില്ല.

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താക്കൾ ധനസഹായത്തിന്റെ ആദ്യ ഗഡുവായ 40000 രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഇവരുടെ ഭവന നിർമ്മാണത്തിന് നാളിതുവരെ യാതൊരു പുരോഗതിയുമില്ല.

| ക്രമ നം. | പേര്,മേൽവിലാസം | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി | തിരിച്ചടച്ച തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | ഉഷാകുമാരി , കോട്ടുപറമ്പ് , ചമ്പക്കുളം, വാർഡ്-9 | 40,000 | 25.10.2018 | 10000/- വൗച്ചർ നം.1220700177/09.05.2022 10000/- നം.1220700302/13.06.2022 | വി.ഇ.ഒ, നെടുമുടി നോർത്ത് |
| 2 | നിർമ്മല, കരീത്രവാർഡ് 12 | 40,000 | 25.10.2018 | ഇല്ല | ടി |
| 3 | സതിയമ്മ.ആർ, കൊച്ചുപറമ്പ്, വാർഡ് 2 | 40,000 | 12.07.2018 | ഇല്ല | വി.ഇ.ഒ, നെടുമുടി സൗത്ത് |
| | ആകെ | 120000 | | 20000 | |

ക്രമ നം.3 സതിയമ്മ, കൊച്ചുപറമ്പ് എന്ന ഗുണഭോക്താവിന്റെ വസ്തു സംബന്ധിച്ച് കേസ് നിലവിലുള്ളതിനാലാണ് വീട് പണി താമസിച്ചതെന്നും ഇപ്പോൾ കേസിന്റെ നടപടി അവസാനിച്ചു എന്നാൽ എ.സി. റോഡിന്റെ നിർമ്മാണം നടക്കുന്നതുകൊണ്ട് ഭവനനിർമ്മാണത്തിനുള്ള സാധനങ്ങൾ എത്തിക്കാൻ പ്രയാസം നേരിടുന്നു എന്നും ഉടൻ അടിത്തറ നിർമ്മാണം പൂർത്തിയാക്കുന്നതാണെന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ടെന്നും വി.ഇ.ഒ.മറുപടി ലഭ്യമാക്കി.

ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീയതി 16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ആദ്യഗഡു കൈപ്പറ്റി രണ്ട് വർഷം പിന്നിട്ടിട്ടും അടിത്തറ നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താവ് പ്രവൃത്തി ചെയ്യുന്നുണ്ട് എന്നുറപ്പാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അഡ്വാൻസ് നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മൂന്നുവർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ അടിയന്തിര തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 3/21.06.2022 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

## 1-18 പ്രവർത്തനക്ഷമമല്ലാത്ത പൊതു ടാപ്പുകൾ -വാട്ടർ ചാർജ് കുടിശ്ശിക നിലനിൽക്കുന്നു

17-12-2019 ൽ ആരംഭിച്ച പഞ്ചായത്തിലെ തെരുവ് ടാപ്പുകളുടെ സംയുക്ത പരിശോധന 2022 മേയ് മാസമാണ് അവസാനിച്ചത്. 2020 ഏപ്രിൽ മാസത്തെ 50394 ബിൽ പ്രകാരം 256 ടാപ്പുകളാണ് നിലവിലുള്ളത്. ഇത് പ്രകാരം 96,616 /- രൂപയാണ് പ്രതിമാസ ചാർജ്ജ്. 17-12-2019 ൽ ആരംഭിച്ച ടാപ്പുകളുടെ സംയുക്ത പരിശോധന 2022 മേയ് വരെ നീണ്ടത് മൂലം ഏപ്രിൽ 2020 മുതൽ ജനവരി 2021 വരെയുള്ള കാലയളവിലെ പ്രതിമാസ ബില്ലുകളിൽ 339 ടാപ്പുകളുടെ ചാർജ് ആയ 148313/-രൂപ വീതമാണ് ഡിമാന്റ് ചെയ്യപ്പെട്ടു കൊണ്ട് പ്രതിഫലിക്കുന്നതിന് കാരണമായി. സംയുക്ത പരിശോധന അവസാനിച്ച 2022 മേയ് മാസത്തിലാണ് 166 പൊതു ടാപ്പുകൾ മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ എന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ സംയുക്ത പരിശോധനയുടെ അന്തിമ റിപ്പോർട്ട് ലഭിക്കുന്നതിന് മുൻപുള്ള പൊതു ടാപ്പുകളുടെ എണ്ണം കണക്കാക്കി ബിൽ തുക ഡിമാന്റ് ചെയ്യപ്പെട്ടത് മൂലം ഉപയോഗിക്കാത്തതും, പ്രവർത്തനക്ഷമമല്ലാത്തതുമായ പൊതു ടാപ്പുകളുടെ ചാർജ്ജ് ബില്ലുകളിൽ പ്രതിഫലിച്ചതിനാൽ മേയ് -31, 2022 വരെ പലിശ ഉൾപ്പടെ 86,27,073/- രൂപ കുടിശ്ശിക ഇനത്തിൽ നിലനിൽക്കുന്നു. തനത് ഫണ്ട് വരുമാനം തുലോം തുച്ഛമായ ഈ പഞ്ചായത്തിൽ ഈ രീതിയിൽ തുക ചെലവഴിക്കപ്പെടുന്നത് പഞ്ചായത്തിന്റെ ധനസ്ഥിതിയെ തന്നെ സാരമായി ബാധിക്കുന്നതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും വൻ കുടിശ്ശിക സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നെങ്കിലും കുടിശ്ശിക നിവാരണം നടത്തിയിട്ടില്ല. കുടിശ്ശിക ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അതൊന്നും ഫലപ്രദമായില്ല. ഭരണ സമിതി ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതും, സംയുക്ത പരിശോധന ആരംഭിച്ച തീയതി മുതൽ, പരിശോധനയ്ക്ക് ശേഷം കണ്ടെത്തിയ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുക ഡിമാന്റ് ചെയ്യപ്പെടുന്നുള്ളുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-19 വൃദ്ധർക്ക് കട്ടിൽ വിതരണം-അനർഹരായവർക്ക് ആനുകൂല്യം നൽകി- 4350/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പദ്ധതി പ്രകാരം ഒരു വാർഡിൽ 12 ഗുണഭോക്താക്കൾ എന്ന നിരക്കിൽ 15 വാർഡുകളിലായി ആകെ 180 ഗുണഭോക്താക്കൾക്ക് സിഡ്കോയിൽ നിന്നും കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.ഗുണഭോക്താക്കൾ സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ മറികടന്ന്, ചില ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് , വിലാസം. | വാർഡ് നം. | പരാമർശം |
|---|---|---|
| ആന്റണി വിളവേലിൽ, തെക്കേമുറി,നെടുമുടി.പി.ഒ. | 7 | ആധാർ കാർഡ് പ്രകാരം ടി ഗുണഭോക്താവിന്റെ ജനന വർഷം 1962 ആണ്.അതിൻ പ്രകാരം 03/21 ൽ ടിയാന് 59 വയസ്സ് മാത്രമെ പൂർത്തിയാകൂ. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞവർക്ക് മാത്രമെ ടി ആനുകൂല്യം നൽകാനാവൂ. അപേക്ഷകന്റെ റേഷൻ കാർഡിൽ ടിയാനെ കൂടാതെ 29 വയസ്സുള്ള മറ്റൊരു അംഗം മാത്രമെ ഉൾപ്പെട്ടിട്ടുള്ളൂ. |
| രതമ്മ, കുഞ്ചായിൽ, നടുഭാഗം | 11 | ടിയാൻ ഉൾപ്പെട്ട റേഷൻ കാർഡ് നം. 1419024398 ൽ കാർഡിൽ ഉൾപ്പെട്ട ജ്യോതിമോൾ (45) എന്നയാളുടെ മാസവരുമാനം 15000/- രൂപയും, തൊഴിൽ , സംസ്ഥാന സർക്കാർ ജീവനം എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റിൽ വാർഷിക വരുമാനം 68000/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| | | |

അനുബന്ധ വിവരങ്ങൾ-

പ്രൊജക്ട് നം.-S0038/21

ചെലവ് വിവരം – BRN Number-20060452017201143787/ 24-02-21

അടങ്കൽ – 8 ലക്ഷം.

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (20 ) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ സബ്സിഡി മാർഗ്ഗ രേഖ പ്രകാരമുള്ള അടിസ്ഥാന മാനദണ്ഡമായ 60 വയസ്സ് തികയാത്ത ഗുണഭോക്താവിന് നൽകിയ കട്ടിലിന്റെ വിലയായ 4350/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. റേഷൻ കാർഡിൽ സർക്കാർ ജീവനം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഗുണഭോക്താവിന്റെ കാര്യത്തിൽ ആവശ്യമായ രേഖകൾ പരിശോധിച്ച് ടിയാന്റെ അർഹത ഉറപ്പു വരുത്തേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-20 കയറ്റിറക്ക് കൂലി അധികം നൽകി-നഷ്ടം-Rs-1817/- രൂപ

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 23 അംഗൻവാടികളിലേയ്ക്കാവശ്യമായ ഭക്ഷണ സാധനങ്ങളിൽ അമൃതം പൊടി , ലക്ഷ്മി, അമൃതം ഫുഡ് പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിൽ നിന്നും, ബാക്കിയുള്ളവ കൈനകരി സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഈ ഭക്ഷണ സാധനങ്ങൾ വിവിധ അംഗൻ വാടികളിൽ എത്തിച്ചു നൽകുന്നതിന് കിലോ ഗ്രാമിന് 2 രൂപ നിരക്കിൽ കരാർ എടുത്തിട്ടുള്ളത് ജോൺ ഈനാസ് , പൂത്തറച്ചിറ എന്ന വ്യക്തിയാണ്. കയറ്റിറക്കു കൂലിയിനത്തിൽ ടിയാന് 44582/- രൂപ നൽകിയിട്ടുണ്ട്. (22291xRs-2). എന്നാൽ ഹാജരാക്കിയ ബിൽ പ്രകാരം ആകെ വാങ്ങിയ ഭക്ഷണ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കും പ്രകാരമാണ്.

1.കയറ്റിറക്ക് കൂലിയിനത്തിൽ അധികം ചെലവഴിച്ചു-

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം 1386491/- രൂപ പോഷകാഹാര വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ രേഖകളുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ബിൽ നം./ തീയതി | വാങ്ങിയ ആകെ അളവ് | 2/kg. നിരക്കിൽ അനുവദനീയമായ തുക | പരാമർശം |
|---|---|---|---|---|
| കൈനകരി സർവ്വീസ് സഹകരണ ബാങ്ക് | 416/30-03-20 | 154 | 308/- | |
| കൈനകരി സർവ്വീസ് സഹകരണ ബാങ്ക് | 414/24-03-20 | 3901 | 7802/- | |
| കൈനകരി സർവ്വീസ് സഹകരണ ബാങ്ക് | 417/30-03-20 | 2681 | 5362/- | |
| കൈനകരി സർവ്വീസ് സഹകരണ ബാങ്ക് | 416/30-03-20 | 154 | 308/- | |
| ലക്ഷ്മി അമൃതം | 93/24-04-20 | 669 | 1338/- | |

| | | | | |
|---|---|---|---|---|
| ഫുഡ് പ്രൊഡക്ട്സ്. | | | | |
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 93/22-05-20 | 847 | 1694/- | സ്റ്റോക്ക് രജിസ്റ്റർ പേജ് 68 ൽ 864.50 Kg. ഭക്ഷണ സാധനം വിവിധ അംഗൻവാടികൾക്ക് വിതരണം നൽകിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| കൈനകരി സർവ്വീസ് സഹകരണ ബാങ്ക് | 001/21-07-20 | 3591 | 7182/- | സ്റ്റോക്ക് രജിസ്റ്റർ പേജ് 70 ൽ 864.50 Kg. ഭക്ഷണ സാധനം വിവിധ അംഗൻവാടികൾക്ക് വിതരണം നൽകിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 104/29-06-20 | 768 | 1536/- | |
| കൈനകരി സർവ്വീസ് സഹകരണ ബാങ്ക് | 004/08-10-20 | 4504 | 9008/- | |
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 34/22-10-20 | 762 | 1524/- | |
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 111/29-07-20 | 893 | 1786/- | |
| | | | 37848/- | |
| | | | | |

<u>2.സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം ചെയ്തിട്ടുള്ള ഭക്ഷണ സാധനങ്ങളുടെ ബിൽ ഇല്ല-</u>

മേൽ സൂചിപ്പിച്ചവ കൂടാതെ , സ്റ്റോക്ക് രജിസ്റ്ററിൽ ചുവടെ രേഖപ്പെടുത്തിയ പ്രകാരമുള്ള അളവിലുള്ള സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| സ്ഥാപനം | ബിൽ നം./ തീയതി | വാങ്ങിയ ആകെ അളവ് | 2/kg. നിരക്കിൽ അനുവദനീയമായ തുക | പരാമർശം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 118/20-08-20 | 804 | 1608/- | സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. |
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 127/29-09-20 | 892.5 | 1785/- | സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. |
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 134/22-10-20 | 762 | 1524/- | സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. |
| | | ആകെ | 4917/- | |

മേൽ അളവുൾപ്പെടെ കരാറുകാരന് അനുവദനീയമായ തുക – 37848/- + 4917 = 42765/-

നൽകിയത്- 44582/-

അധികം നൽകിയത് – Rs-1817/- രൂപ

അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിന്റെ ബിൽ ഇല്ലാതെ സ്റ്റോക്ക് രജിസ്റ്ററിൽ ആകെ 2458.50 Kg. അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. Kg.73.50 രൂപ നിരക്കിൽ 180700/- രൂപയാണ് ആയതിന് വേണ്ടി വരുന്നത് . ടി തുക നൽകിയതിന്റെ വിവരങ്ങളും, ഒറിജിനൽ ബില്ലും ഹാജരാക്കുവാനാവശ്യപ്പെട്ടിട്ടും, ആയത് ലഭ്യമാക്കിയിട്ടില്ല. ടി അപാകതകളിന്മേൽ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ-

പ്രൊജക്ട് നം.-20/21

ചെലവ് വിവരം – ചെക്ക് നം.22000352/ 18-02-21, Rs-419950/-

അടങ്കൽ – 17 ലക്ഷം

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-21 പത്രപരസ്യം -ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച കൊണ്ടുള്ള 08.12.2015-ലെ ജി.ഒ (പി) നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ മലയാള മനോരമ ദിനപ്പത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ / തീയ്യതി | ഇൻവോയിസ് നം./ തീയതി ദിനപത്രം | തുക | 15% ട്രേഡ് ഡിസ്കൗണ്ട് |
|---|---|---|---|---|
| 1 | 22000458 / 14-09-2020 | KC0430610844 / 23.06.2020 മലയാള മനോരമ | 5040 | 756 |
| 2 | 22000459 / 14-09-2020 | KD0432013549 / 23.06.2020 മലയാള മനോരമ | 5040 | 756 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | 10080 | 1512 |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ച് നൽകുകയും ചെയ്തത്. 2020-21 ൽ വിവിധ തിയ്യതികളിൽ ടെണ്ടർ /ദർഘാസ് പരസ്യം മലയാള മനോരമ ദിനപത്രത്തിൽ നൽകിയതിന് മേൽ സൂചിപ്പിച്ച വൗച്ചറുകൾ പ്രകാരം 10080/- രൂപ നൽകിയിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം: 24 / 29-06-2022) ന് ലഭ്യമാക്കിയ മറുപടിയിൽ മലയാള മനോരമ ആലപ്പുഴ ഓഫീസിൽ അന്വേഷിച്ചതിൽ, ടെണ്ടർ പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് കഴിച്ചിട്ടുള്ള തുകയാണ് ഈടാക്കിയിട്ടുള്ളതെന്നാണ് മറുപടി നൽകിയിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്.എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബില്ലിൽ ആകെ ബിൽ തുകയിൽ നിന്നും ഡിസ്കൗണ്ട് കുറവ് ചെയ്ത് ബില്ലിൽ തുക രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. മലയാള മനോരമ ദിനപത്രത്തിൽ നൽകിയിട്ടുള്ള പരസ്യങ്ങൾക്ക് മേൽ സൂചിപ്പിച്ച 1512/- രൂപാ ഡിസ്കൗണ്ട് അനുവദിച്ച് കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ പരസ്യം നൽകുമ്പോൾ ഡിസ്കൗണ്ട് ലഭ്യമാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല- നഷ്ടം 29,331/- രൂപ

വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട്കോളം (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല.വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പഞ്ചായത്ത് നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൌച്ചർ നം/ തീയതി | ഇൻവോയിസ് നം./ തീയതി ദിനപത്രം | നല്കിയ പരസ്യത്തിന്റെ വലുപ്പം / നിരക്ക് | ചെലവ് | അനുവദനീയമായ വലുപ്പം/ചെലവ് | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 22000458 / 14-09-2020 | KC0430610844 / 23.06.2020 മലയാള മനോരമ | 10×8=80 Cm$^2$ 48/cm$^2$ | 3840/- 2nd പേജ് 25%(960) - Discount15% (0) +GST (5%)240 =5040 | 3x8 =24 Cm$^2$ 24×48= 1152 + 2nd പേജ് 25%(288) - Discount15%(0) +GST (5%)72 =1512 | 3528 |
| 2 | 22000459 / 14-09-2020 | KD0432013549 / 23.06.2020 മലയാള മനോരമ | 10×8= 80 Cm$^2$ 48/cm$^2$ | 3840/ - 2nd പേജ് 25%(960) - Discount15% (0) +GST (5%)240 =5040 | 3x8 =24 Cm$^2$ 24×48= 1152 + 2nd പേജ് 25%(288) - Discount15%(0) +GST (5%)72 =1512 | 3528 |
| 3 | 22000468 / 17-09-2020 | ALP/20-21/0532 / 18-07-2020 ദേശാഭിമാനി | 5×8= 40 Cm$^2$ 180 /Cm$^2$ | 7200 - Discount15%(1080) +GST (5%)306 =6426 | 3x8 =24 Cm$^2$ 24×180= 4320 - Discount15% (648) +GST (5%)184 = 3856 | 2570 |
| 4 | 22000472 / | 321000122528 / 07-02-2020 | 4×8= | 8320- Discount(15%)1248+ | 3x8 =24 Cm$^2$ | 1857 |

| | | | | | | |
|---|---|---|---|---|---|---|
| | | മാതൃഭൂമി | 32 Cm$^2$<br>260 /Cm$^2$ | GST(5%) 353.6<br>= 7426 | 24×260= 6240<br>– Discount15%<br>(936)<br>+GST (5%)265.2<br>=5569 | |
| 5 | | 321000137146 /<br>15-03-2020<br>മാതൃഭൂമി | 5×8=<br>40 Cm$^2$<br>260 /Cm$^2$ | 10,400-<br>Discount(15%)1560+<br>GST(5%) 442<br>= 9282 | 3×8 =24 Cm$^2$<br>24×260= 6240<br>– Discount15%<br>(936)<br>+GST (5%)265.2<br>=5569 | 3713 |
| 6 | | ALP/2019/0483<br>/<br>19-07-2019<br>ദേശാഭിമാനി | 5×8=<br>40 Cm$^2$<br>180 /Cm$^2$ | 5760 -<br>Discount15%(864)<br>+GST (5%)244.8<br>=5141 | 3×8 =24 Cm$^2$<br>24×180= 4320<br>– Discount15%<br>(648)<br>+GST (5%)184<br>=3856 | 1285 |
| 7 | 18-09-2020 | ALP/2019/0940<br>/<br>19-09-2019<br>ദേശാഭിമാനി | 4×8=<br>32 Cm$^2$<br>180 /Cm$^2$ | 5760 -<br>Discount15%(864)<br>+GST (5%)244.8<br>=5141 | 3×8 =24 Cm$^2$<br>24×180= 4320<br>– Discount15%<br>(648)<br>+GST (5%)184<br>=3856 | 1285 |
| 8 | | ALP/2020/1879<br>/<br>07-02-2020<br>ദേശാഭിമാനി | 4×8=<br>32 Cm$^2$<br>180 /Cm$^2$ | 5760 -<br>Discount15%(864)<br>+GST (5%)244.8<br>=5141 | 3×8 =24 Cm$^2$<br>24×180= 4320<br>-Discount15%<br>(648)<br>+GST (5%)184<br>=3856 | 1285 |
| 9 | | ALP/2020/2234<br>/<br>07-02-2020<br>ദേശാഭിമാനി | 4×8=<br>32 Cm$^2$<br>180 /Cm$^2$ | 5760 -<br>Discount15%(864)<br>+GST (5%)244.8<br>=5141 | 3×8 =24 Cm$^2$<br>24×180= 4320<br>-Discount15%<br>(648)<br>+GST (5%)184<br>=3856 | 1285 |
| 10 | 22000033<br>/<br>08-10-2020 | ALP/20-21/0575<br>/<br>07-02-2020<br>ദേശാഭിമാനി | 4×8=<br>32 Cm$^2$<br>180 /Cm$^2$ | 5760 -<br>Discount15%(864)<br>+GST (5%)244.8<br>=5141 | 3×8 =24 Cm$^2$<br>24×180= 4320<br>– Discount15%<br>(648)<br>+GST (5%)184<br>=3856 | 1285 |
| 11 | 22000473<br>/<br>18-09-2020 | ALP/20-21/0398<br>/<br>27-06-2020<br>ദേശാഭിമാനി | 5×8=<br>40 Cm$^2$<br>180 /Cm$^2$ | 7200 -<br>Discount15%(1080)<br>+GST (5%)306<br>=6426 | 3×8 =24 Cm$^2$<br>24×180= 4320<br>– Discount15%<br>(648)<br>+GST (5%)184<br>=3856 | 2570 |
| 12 | | ALP/20-21/0385<br>/ | 4×8= | 5760 -<br>Discount15%(864) | 3×8 =24 Cm$^2$ | 1285 |

| | | | | | | |
|---|---|---|---|---|---|---|
| | | 26-06-2020<br>ദേശാഭിമാനി | 32 $Cm^2$<br>180 /$Cm^2$ | +GST (5%)244.8<br>=5141 | 24×180= 4320<br>- Discount15%<br>(648)<br>+GST (5%)184<br>=3856 | |
| 13 | | ALP/20-21/0371<br>/<br>23-06-2020<br>ദേശാഭിമാനി | 4×8=<br>32 $Cm^2$<br>180 /$Cm^2$ | 5760 -<br>Discount15%(864)<br>+GST (5%)244.8<br>=5141 | 3×8 =24 $Cm^2$<br>24×180= 4320<br>- Discount15%<br>(648)<br>+GST (5%)184<br>=3856 | 1285 |
| 14 | | ALP/20-21/0398<br>/<br>27-06-2020<br>ദേശാഭിമാനി | 5×8=<br>40 $Cm^2$<br>180 /$Cm^2$ | 7200 -<br>Discount15%(1080)<br>+GST (5%)306<br>=6426 | 3×8 =24 $Cm^2$<br>24×180= 4320<br>- Discount15%<br>(648)<br>+GST (5%)184<br>=3856 | 2570 |
| ആകെ | | | | | | 29,331 |

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 I ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളിൽ കാരണം 29,331/- രൂപയുടെ ചെലവുനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 28.06.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-23) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ്- അനുവദനീയമായ തുക പൂർണ്ണമായും വിതരണം ചെയ്യപ്പെടുന്നില്ല-തടസ്സം-47250/-രൂപ

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ ചെലവ് രേഖകൾ തൻവർഷം 9 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.ആകെ 36 കുട്ടികൾക്കാണ് തൻവർഷം ആനുകൂല്യം നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, സർക്കാർ ഉത്തരവു പ്രകാരം സ്കോളർഷിപ്പ് ഇനത്തിൽ ഒരു വർഷം അനുവദിക്കാവുന്ന തുക 28500/- രൂപയാണെന്നിരിക്കെ, പല കുട്ടികൾക്കും ആനുകൂല്യം ഭാഗികമായി മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് കാണാം. ഇപ്രകാരം ഭാഗികമായി മാത്രം ആനുകൂല്യം അനുവദിക്കപ്പെട്ടിട്ടുള്ള കുട്ടികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച നൽകിയ തുക. |
|---|---|---|
| 1. | ജിത്തു.ടി.ആർ | 18750/- |
| 2. | ശിവപ്രസാദ്. | 18750/- |
| 3. | അജിത്ത്. | 18750/- |
| 4. | ദീപ്തി വർഗ്ഗീസ്. | 18750/- |
| 5. | എ.വി.ആരോമൽ. | 18750/- |
| 6. | അഖിൽ.ജെ. | 18750/- |
| 7. | അർച്ചന.കെ.പ്രസാദ്. | 18750/- |
| 8. | കാശിനാഥ്.ആർ | 18750/- |
| 9. | ത്രേസ്യാമ്മ | 18750/- |
| 10. | അമൽദേവ്.എം. | 18750/- |

ആനുകൂല്യം കൈപ്പറ്റിയ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള കുട്ടികളുടെ അപേക്ഷയും അനുബന്ധ രേഖകളും ലഭ്യമാക്കിയില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച നൽകിയ തുക. |
|---|---|---|
| 1. | ത്രേസ്യാമ്മ | 18750/- |
| 2. | അബിൻ ഡൊമിനിക് ആന്റണി | 28500/- |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25-01-2019 ലെ സർക്കുലർ നം.ഡി.എ -1/19/2019 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണെന്നും, മതിയായ തുക ഇതിനായി നീക്കിവെയ്ക്കുന്നുവെന്ന് ഉറപ്പ് വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഈ നിർദ്ദേശം ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പാലിക്കപ്പെട്ടിട്ടില്ല. സ്കോളർഷിപ്പ് തുക പൂർണ്ണമായും അനുവദിക്കാതിരുന്നതിന് വിശദീകരണവും,തൻ വർഷം ആനുകൂല്യം ലഭിക്കുന്നതിന് എത്ര ഗുണഭോക്താക്കൾ അപേക്ഷിച്ചിരുന്നുവെന്നത് സംബന്ധിച്ചും, ഓഡിറ്റിൽ ഹാജരാക്കാത്ത ചെലവ് രേഖകളും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 47250/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഈ പദ്ധതിയുടെ അംഗീകൃത അടങ്കൽ തുക 1400000/- രൂപയായിരുന്നു. ഇതിൽ 500000/-രൂപ ജില്ലാ പഞ്ചായത്ത് വിഹിതം ആയിരുന്നു.എന്നാൽ തൻവർഷം ജില്ലാ പഞ്ചായത്ത് വിഹിതമായി ഈ പദ്ധതിക്ക് തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.ഇത്തരം പദ്ധതികൾക്ക് വകയിരുത്തുന്ന തുക അതാത് തദ്ദേശ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്നുണ്ടെന്നും, ആയത് പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

## 1-24 ഐ.കെ.എം.വിഹിതം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം. ഐ.കെ.എം.വിഹിതം

വകയിരുത്തിയ തുക-76428

ചെലവ്-76428/-ബിൽ നം.31/24.02.2020)

ഐ.കെ.എം. ന് 2020-21 വർഷം നൽകേണ്ട വിഹിതമായി പ്രസ്തുത ബിൽ പ്രകാരം 76428 രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/21.06.2022) വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 76428/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 മരണം റിപ്പോർട്ട് ചെയ്തതിന് ശേഷവും പെൻഷൻ അനുവദിക്കുന്നത് മൂലം ഭീമമായ തുക അനർഹരുടെ കൈകളിൽ എത്തുന്നു-

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും 2020-21വർഷം രജിസ്റ്റർ ചെയ്യപ്പെട്ട പഞ്ചായത്തിലെ മരണ റിപ്പോർട്ടും ഒത്തുനോക്കിയപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്കായി അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായും, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് തുക ലഭിച്ചതായും കണ്ടു. (05/2022 വരെ). ധനകാര്യ വകുപ്പിന്റെ 23/09/2020 ഇൽ സാമൂഹ്യ പെൻഷൻ മാനദണ്ഡങ്ങൾ ക്രോഡീകരിച്ച് പുറപ്പെടുവിച്ച സ.ഉ (എം.എസ്) നം.97/2020/ധന ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ മരണപ്പെട്ടാൽ അതാത് മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടത് പഞ്ചായത്ത് സെക്രട്ടറിയുടെ ബാധ്യതയാണ്. നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്ത ഏതാനും ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

1) ബാങ്ക് അക്കൌണ്ട് വഴി പെൻഷൻ ലഭിച്ചവർ

| ക്രമ നമ്പർ | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ റിപോർട്ട് ചെയ്ത തീയതി | അനർഹമായ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | തോമസ് ആൻറണി | വാർദ്ധക്യകാല പെൻഷൻ / 104550201011 | 30/08/2020 23/09/2020 | (1400×3) + (1500×3) = 8700 തുക | April 21 To May 22 @ 1600 തുക -22,400 |

| | | | | | |
|---|---|---|---|---|---|
| | | | | അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 2 | ജനാർദ്ദനൻ | കർഷക തൊഴിലാളി പെൻഷൻ / 104550100331 | 08/09/2020 24/09/2020 | (1400×3) + (1500×3) = 8700 തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | April 21 To May 22 @ 1600 തുക -22,400 അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 3 | ചെല്ലപ്പൻ ഡി | വാർദ്ധക്യകാല പെൻഷൻ / 104550200468 | 18/10/2020 05/11/2020 | 1400×1= 1400 തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല | April 21 To May 22 @ 1600 തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല |
| 4 | ചാക്കോ ദേവസ്യ | വാർദ്ധക്യകാല പെൻഷൻ / 104550200461 | 02/11/2020 30/11/2020 | (1400×1)+ (1500×3)= 5900 തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | April 21 To May 22 @ 1600 തുക -22400 അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 5 | ജി.കൃഷ്ണൻകുട്ടി നായർ | വാർദ്ധക്യകാല പെൻഷൻ / 104550200770 | 27/08/2020 08/01/2021 | 1500×2= 3000 തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | April 21 To May 22 @ 1600 തുക -22400 അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 6 | പി.വി സുശീലൻ | വാർദ്ധക്യകാല പെൻഷൻ / 104550201386 | 27/01/2021 12/03/2021 | | April 21 To May 22 @ 1600 തുക -22,400 അക്കൗണ്ടിൽ നിക്ഷേപിച്ചു |
| | | | ആകെ | 27,700 | 1,12,000 |

2) സഹകരണ ബാങ്കുകൾ വഴി (ഡയറക്ട് ടു ഹോം)

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | കൈപ്പറ്റാത്ത തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മീനാക്ഷി കൃഷ്ണൻ | വാർദ്ധക്യകാല പെൻഷൻ / 104550201158 | 29/03/2020 2/06/2020 | 1500×7= 10500 തുക കൈമാറാൻ സാധിച്ചിട്ടില്ല | April 21 To May 22 @ 1600 തുക-22400 സഹകരണബാങ്കിന് കൈമാറി |
| 2 | അച്ചാമ്മ ആൻറണി | കർഷക തൊഴിലാളി | 15/05/2020 25/08/2020 | (1400×4)+ (1500×3)= | April 21 To May 22 @ 1600 |

| | | | | | |
|---|---|---|---|---|---|
| | | പെൻഷൻ / 104550101059 | | 10100 തുക കൈമാറാൻ സാധിച്ചിട്ടില്ല | തുക-22400 സഹകരണബാങ്കിന് കൈമാറി |
| | | | ആകെ | 20,600 | 44,800 |

ചില ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാത്രവുമല്ല, ഗ്രാമ പഞ്ചായത്തിന്റെ മരണ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ മാത്രമാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് മരണപ്പെട്ടവരുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് ടി കാലയളവിൽ മരണപ്പെട്ട, ഗ്രാമ പഞ്ചായത്തിൽ നിന്നും പെൻഷൻ വാങ്ങിക്കൊണ്ടിരുന്ന ഗുണഭോക്താക്കളുടെ കാര്യത്തിലും ഈ രീതിയിൽ അനർഹമായി പെൻഷൻ വിതരണം നടത്തിയിട്ടുണ്ടാവാനുള്ള സാധ്യത ഏറെയാണ്. ഇത് സംബന്ധിച്ച വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-18 / 27.06.2022) മറുപടി ഹാജരാക്കിയില്ല.

സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്ത് വരുന്ന സാമൂഹിക സുരക്ഷാ പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, മരിച്ചുപോയവരുടെ പേര് വിവരങ്ങൾ വാർഡ് ക്രമത്തിൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ലഭ്യമാക്കിക്കൊണ്ട് അനർഹരായ മുഴുവൻ വ്യക്തികളെയും കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. മേൽ പരാമർശിച്ച പ്രകാരം അനർഹമായ കാലയളവിലേക്ക് അനുവദിക്കപ്പെട്ട പെൻഷൻ തുക 2,05,100/- രൂപാ ഡിബിറ്റി സെല്ലിൽ തിരികെ ഒടുക്കി, കൃത്യമായ തിരിച്ചടവ് വിവരങ്ങൾ രേഖപ്പെടുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പുനർവിവാഹം /മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽ നിന്നും ടിയാളുകളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ അതാത് മാസം തന്നെ സേവന ഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്.ആയതിന് സർക്കാർ ഉത്തരവ് (എം.എസ്)നം 97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

- പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.
- മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.
- ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ തുകയ്ക്ക് അവകാശികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല .

## 1-26 ഫണ്ട് വിനിയോഗം - ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികകൾ പ്രകാരമുള്ള കണക്കുകൾ അടിസ്ഥാനമാക്കിയുള്ള തൻവർഷത്തെ വരവിന്റെയും, ചെലവിന്റെയും ചെലവഴിക്കപ്പെടാതെ പാഴായ വിവിധ ഇനം ഗ്രാന്റുകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോക്കേഷൻ | തൻവർഷ വരവ് | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം. |
|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി.) | 4875726 | 4875726 | 3413900 | 1461826 | 70 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 2689000 | 2689000 | 2273597 | 415403 | 85 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 4017946 | 4017946 | 3002760 | 1015186 | 75 |
| 15-ാ ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 2610000 | 2610000 | 1500000 | 1110000 | 57 |

| | | | | | |
|---|---|---|---|---|---|
| 15-ാ ധനകാര്യ കമ്മീഷൻ (ബേസിക് ഗ്രാന്റ്) | 11655686 | 11655686 | 7327110 | 4328576 | 63 |

മേൽ കണക്കുകൾ പരിശോധിച്ചാൽ , വികസന ഫണ്ട് (എസ്.സി.പി.), 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്), 15-ാം ധനകാര്യ കമ്മീഷൻ (ബേസിക് ഗ്രാന്റ്) എന്നിവയുടെ ചെലവിൽ ഗണ്യമായ കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് കാണാം. വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്ന തുക യഥാസമയം വിനിയോഗിക്കപ്പെടാത്തതു മൂലം നഷ്ടമാകുന്നത് അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങളാണ്. ആയത് ശരിയായ പ്രവണതയല്ല. കോവിഡ് പ്രതിസന്ധി സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടെങ്കിലും പദ്ധതി ചെലവിലെ കുറവ് ആത്യന്തികമായി സാധാരണ ജനങ്ങളെയാണ് ബാധിച്ചിട്ടുള്ളത്. ഈ കുറവുകൾ പരിഹരിക്കുന്ന രീതിയിൽ തുടർ വർഷങ്ങളിൽ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെയും, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 മുദ്രപത്ര വില ഈടാക്കിയതിൽ കുറവ്-നഷ്ടം-4553/- രൂപ

അസ്സി.എൻജി.നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2020-21 ലും നടന്നു വരുന്ന ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തികളിൽ കരാർ ഏജൻസിയുമായി നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ വെച്ചിട്ടില്ലായെന്ന് കണ്ടു.വിശദ വിവരം ചുവടെ ചേർക്കുന്നു.

1.ഉമ്പൂരാൻ പാടശേഖരത്തിന്റെ റോഡ് പുനരുദ്ധാരണം -

ഉമ്പൂരാൻ പാടശേഖരത്തിന്റെ റോഡ് പുനരുദ്ധാരണം എന്ന പ്രവർത്തിയുടെ നിർവ്വഹണത്തിനായി അക്രെഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിനെ കമ്മിറ്റി തീരുമാനിക്കുകയും, ടി സ്ഥാപനവുമായി 6 മാസത്തെ കാലാവധിയിൽ 18-02-20 ൽ കരാർ വെച്ചിട്ടുണ്ട്. ഈ പ്രവർത്തിയുടെ ആകെ എസ്റ്റിമേറ്റ് തുക 1970475/- രൂപയായിരുന്നു. 01-04-2018 മുതൽ പ്രാബല്യത്തിൽ വന്ന 2018ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4,ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്റ്റിലെ (അമൻഡ്മെന്റ് ആക്റ്റ് 17 ഓഫ് 1959) ഷെഡ്യൂൾ -11ൽ (G) നമ്പരായി പുനർനാമകരണം ചെയ്തിട്ടുള്ള ഉപവകുപ്പിന് മുൻപായി പുതുതായി ഉൾപ്പെടുത്തിയ ഉപവകുപ്പ്(എഫ്) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും,കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഈ പ്രവർത്തിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നിർമ്മിതി കേന്ദ്രവുമായി കരാർ വെച്ചിട്ടുള്ളത് 200/- രൂപ മൂല്യമുള്ള മുദ്രപത്രത്തിലാണ്.

കരാർ തുക – 1970475/-

പുതുക്കിയ നിയമപ്രകാരം ആവശ്യമായ മുദ്രപത്ര വില – 1970/- രൂപ

കുറവ് - 1970 – 200 = 1770/-രൂപ

ഈ പ്രവർത്തിയുടെ കാലാവധി 6 മാസമായിരുന്നുവെങ്കിലും ( 18-08-2020 വരെ) ആയതിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിനാൽ 08-11-21 ലെ 9 (1)-ാം നമ്പർ തീരുമാന പ്രകാരം കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. എത്ര നാളത്തേയ്ക്കാണ് കാലാവധി നീട്ടി നൽകിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

08-12-21 ലെ 1 (9)-ാം നമ്പർ തീരുമാന പ്രകാരം പ്രവർത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സപ്ളിമെന്ററി കരാർ ഒപ്പു വെച്ചതിന്റെ രേഖകളില്ല. 2019 ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം, 1959 ലെ കേരള സ്റ്റാമ്പ് ആക്റ്റിൽ വരുത്തിയ ഭേദഗതി പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനങ്ങൾക്കുമുള്ള സപ്ളിമെന്ററി കരാറിന്റെ സ്റ്റാമ്പ് ഡ്യൂട്ടി 01-04-19 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതനുസരിച്ച് പൂർത്തീകരിക്കാനുള്ള പ്രവർത്തികൾക്കും, നൽകുവാനുള്ള സേവനങ്ങൾക്കുമുള്ള സ്റ്റാമ്പ് ഡ്യൂട്ടി സപ്ളിമെന്ററി കരാറിൽ സമ്മതിക്കുന്ന തുകയുടെ അടിസ്ഥാനത്തിലാണ് ഈടാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സപ്ളിമെന്ററി കരാർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ നിശ്ചിത തുകയ്ക്കുള്ള മുദ്ര പത്രത്തിലാണോ കരാർ വെച്ചതെന്നും വ്യക്തമല്ല.

ഈ പ്രവർത്തിയുടെ നിലവിലെ സ്ഥിതിയും ഫയലിൽ നിന്നും വ്യക്തമല്ല.

അനുബന്ധ വിവരങ്ങൾ-

പ്രൊ.നം.-210/20

അടങ്കൽ – 20,00,000/-

ചെലവ് വിവരം – 1)Rs- 1687000/- ബിൽ നം.07/21, Dt.02-07-20

നിർവ്വഹണ ഏജൻസി- നിർമ്മിതി കേന്ദ്രം.

2.ഉമ്പൂരാൻ പാടശേഖരത്തിന് ചുറ്റുമുള്ള കനാൽ ആഴം കൂട്ടി വൃത്തിയാക്കൽ-

അനുബന്ധ വിവരങ്ങൾ-

പ്രൊ.നം.-209/20

അടങ്കൽ – 30,13,000/-

ചെലവ് വിവരം – 1)Rs- 24,00,000/- ബിൽ നം.08/21, Dt.02-07-20

1)Rs- 613000/- ബിൽ നം.34/21, Dt.31-03-21

നിർവ്വഹണ ഏജൻസി- കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

കരാർ തുക – 30,13,000/-

പുതുക്കിയ നിയമപ്രകാരം ആവശ്യമായ മുദ്രപത്ര വില – 3013/- രൂപ

കുറവ് – 3013 – 200 = 2813/-രൂപ

ഒട്ടാകെ കുറവ് വന്നത് –1770 + 2813 = 4583/-രൂപ

അപാകതകൾക്ക് വിശദീകരണവും, രേഖകളും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് പരാമർശപ്രകാരമുള്ള വിവരങ്ങൾ രേഖാമൂലം ബന്ധപ്പെട്ട ഏജൻസികളെ അറിയിച്ചിട്ടുണ്ടെന്നും മുദ്രപത്രത്തിന്റെ മൂല്യത്തിലുണ്ടായ വ്യത്യാസം പരിഹരിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മുദ്രപത്ര വിലയിനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-28 MGNREGS - കരാറുകാരനിൽ നിന്നും ജിഎസ്സ്ടി ഈടാക്കിയില്ല-നഷ്ടം - 18735/-രൂപ

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കം,ഉഡ് എർത്തും മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്സ്ടി കുറവ് ചെയ്തിട്ടില്ല .ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം , 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തകഴി പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. അവയ്ക്ക് ചില ഉദാഹരണവും,വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/വർക്ക് കോഡ്./M-Book | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ജിഎസ്സ്ടി(2%) | FTO No./തീയതി |
|---|---|---|---|---|---|
| 1 | 5- ാം വാർഡിൽ കൊട്ടാരം ജെട്ടി മുതൽ തെക്കോട്ട് റോഡ് കോൺക്രീറ്റിംഗ്.-ഘട്ടം-2<br>( MBook No. 182/20-21, വർക്ക് കോഡ്.RC-331589) | ഗോപിനാഥ് പ്രശാന്ത്, പ്രഹ്ലാലയം | Rs-320800/- | 6416/- | 1)294313/27.04.21/ Rs- 80014/-<br>2)294280/12.04.21/ Rs- 60736/-<br>3)294280/11.04.21/ Rs- 96186/-<br>4)294280/10.04.21/ Rs- 91341/- |
| 2 | 5- ാം വാർഡിൽ കൊട്ടാരം ജെട്ടി മുതൽ തെക്കോട്ട് റോഡ് കോൺക്രീറ്റിംഗ്.-ഘട്ടം-1 | ഗോപിനാഥ് പ്രശാന്ത്, പ്രഹ്ലാലയം | Rs-334795/- | 6696/- | 1)960766/27.03.21/ Rs- 47175/-<br>2)960572/11.01.21/ Rs- 181831/-<br>3)960604/11.01.21/ Rs- 61789/- |

| | | | | | |
|---|---|---|---|---|---|
| | ( MBook No. 181/20-21, വർക്ക് കോഡ്.RC-331588) | | | | 4)960741/27.03.21/ Rs- 44400/- |
| 3 | 8- ാം വാർഡിൽ 77 ൽ ചിറ മുതൽ കോച്ചേരി വരെ മക്കം ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം ( MBook No. 207/20-21, വർക്ക് കോഡ്.RC-353559) | ജോസഫ് കുഞ്ചെറിയ. | Rs-281171/- | 5623/- | 1)914463/22.12.20/ Rs- 127000/- 2)914401/22.12.20/ Rs- 154853/- |
| | | | ആകെ | 18735/- | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 10 ) ലഭ്യമാക്കിയ മറുപടിയിൽ .ജിഎസ്ടി ഇനത്തിൽ ഈടാക്കാതിരുന്ന തുക അടിയന്തരമായി അടയ്ക്കുന്നതിന് ബന്ധപ്പെട്ട കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കരാറുകാരിൽ നിന്നും തുക ഈടാക്കി ജിഎസ്ടി വകുപ്പിൽ ഒടുക്കേണ്ടതാണ്.അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-29 MGNREGS- മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-നഷ്ടം-7089/- രൂപ

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ ,വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.(ഇൻകം ടാക്സ് കമ്മീഷണറുടെ 13-05-20 ലെ നിർദ്ദേശപ്രകാരം 14-05-20 മുതൽ 31-05-21 വരെ വ്യക്തികളാണെങ്കിൽ 0.75% ഉം സ്ഥാപനങ്ങളാണെങ്കിൽ 1.5% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയാൽ മതി.ആയത് പിന്നീട് 31-03-22 വരെ നീട്ടി നൽകി ) എന്നാൽ താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 0.75% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. ആദായ നികുതി ഈടാക്കാതിരുന്നത് മൂലം 7089/- രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (11 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം, ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/ വർക്ക് കോഡ്. | കരാറുകാരൻ /കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | അളവു പുസ്തകം പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി(0.75%) | FTO No./ തീയതി |
|---|---|---|---|---|---|
| 1. | 5- ാം വാർഡിൽ കൊട്ടാരം ജെട്ടി മുതൽ | ഗോപിനാഥ് പ്രശാന്ത്, പ്രഹ്ലാലയം | Rs-328277/-( M Book Page No.15 പ്രകാരം) | 2462/- | 1)294313/ 27.04.21/ Rs- 80014/- 2)294280/ |

| | | | | | |
|---|---|---|---|---|---|
| | തെക്കോട്ട് റോഡ് കോൺക്രീറ്റിംഗ്. -ഘട്ടം-2 ( MBook No. 182/20-21, വർക്ക് കോഡ്. RC- 331589) | | | | 12.04.21/ Rs- 60736/- 3)294280/ 11.04.21/ Rs- 96186/- 4)294280/ 10.04.21/ Rs- 91341/- |
| 2. | 5- ാം വാർഡിൽ കൊട്ടാരം ജെട്ടി മുതൽ തെക്കോട്ട് റോഡ് കോൺക്രീറ്റിംഗ്. -ഘട്ടം-1 ( MBook No. 181/20-21, വർക്ക് കോഡ്.RC- 331588) | ഗോപിനാഥ് പ്രശാന്ത്, പ്രഹ്ലാലയം | Rs-335246/-( M Book Page No.17 പ്രകാരം) | 2514/- | 1)960766/ 27.03.21/ Rs- 47175/- 2)960572/ 11.01.21/ Rs- 181831/- 3)960604/ 11.01.21/ Rs- 61789/- 4)960741/ 27.03.21/ Rs- 44400/- |
| 3. | 8- ാം വാർഡിൽ 77 ൽ ചിറ മുതൽ കോച്ചേരി വരെ മക്കും ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം ( MBook No. 207/20-21, വർക്ക് കോഡ്.RC- 353559) | ജോസഫ് കുഞ്ചെറിയ | Rs-281853/-( M Book Page No.14 പ്രകാരം) | 2113/- | 1)914463/ 22.12.20/ Rs- 127000/- 2)914401/ 22.12.20/ Rs- 154853/- |
| | | | ആകെ | 7089/- രൂപ | |

## 1-30 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ -

2020-21 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. എന്നാൽ തൻവർഷം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികളുടെ ഫയലിൽ അപ്രകാരം മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. പ്രൊജക്റ്റിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം ഭൂരിഭാഗം പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

3. പല പ്രവൃത്തികളുടെ ഫയലിലും കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുള്ളവയിലൊന്നും തന്നെ ആയത് കൈപ്പറ്റി കരാറുകാരൻ, ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തി നൽകുന്നില്ല.

4. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012 /PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

5. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

6. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള ഭൂരിഭാഗം പ്രവർത്തികളിലും, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7.എഗ്രിമെന്റ് രജിസ്റ്ററിൽ പല പ്രവർത്തികളുടെയും PAC, സെക്യൂരിറ്റി തുക, തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

8. ടെൻഡർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. പല കോളങ്ങളിലും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ലഭിച്ച EMD യുടെ വിവരങ്ങൾ, പങ്കെടുത്ത കരാറുകാരുടെ ഒപ്പ്, കരാർ അംഗീകരിച്ച കമ്മിറ്റി തീരുമാനം തുടങ്ങിയ വിവരങ്ങൾരേഖപ്പെടുത്തുന്നില്ല.

9. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

10.പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി / പൂർത്തീകരണ കാലയളവ് എന്നിവ എഗ്രിമെന്റ് രജിസ്റ്ററിലോ, ഫയലിലോ എവിടെയും തന്നെ രേഖപ്പെടുത്തുന്നില്ല.

11. ഭൂരിഭാഗം പ്രവർത്തികളിലും അളവു പുസ്തകത്തിൽ കരാറുകാരൻ അളവുകൾ സമ്മതിച്ച് ഒപ്പു രേഖപ്പെടുത്തുന്നില്ല.

12. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാൻ,റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (8) മറുപടി ലഭ്യമാക്കിയിട്ടില്ല.മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിൽ മേൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-31 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം

നെടുമുടി ഗ്രാമപഞ്ചായത്തിൽ 23അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.എന്നാൽ ഇതിൽ 2 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. ബാക്കിയുള്ള 19അങ്കണവാടികൾ വാടകകെട്ടിടത്തിലും 2 എണ്ണം വാടക രഹിത കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലമുള്ള 2 അങ്കണവാടികൾ മാത്രമാണ് നിലവിലുള്ളത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, കെട്ടിടം നിർമ്മിക്കുവാൻ നടപ്പു സാമ്പത്തിക വർഷം ഫണ്ട് അനുവദിക്കും എന്നാണ് സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത്.

എല്ലാ അങ്കണവാടികളിലും വൈദ്യുതി കണക്ഷൻ നിലവിൽ ഉണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾക്കൊന്നും തന്നെ ബേബി ഫ്രണ്ട്ലി ടോയ്‌ലെറ്റ് ഇല്ല. എല്ലാ അംഗനവാടികളും

ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കുടിവെള്ളത്തിനായി 22 അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ ലഭ്യമാണ് . ഒരു അങ്കണവാടി മഴവെള്ള സംഭരണിയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് .

ഒരു അങ്കണവാടിക്ക് മാത്രമാണ് ഭാഗികമായെങ്കിലും ചുറ്റുമതിൽ ഉള്ളത്. ബാക്കിയുള്ള 22 അങ്കണവാടികൾക്കും ചുറ്റുമതിൽ ഇല്ല. ആറുകളും, തോടുകളും നിറഞ്ഞ് ജലാശയത്താൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്യുന്ന നെടുമുടി ഗ്രാമ പഞ്ചായത്തിൽ , ചുറ്റുമതിൽ ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടി പ്രവർത്തിക്കുന്നത് കുട്ടികളുടെ സുരക്ഷയ്ക്ക് തന്നെ ഭീഷണിയാണ്.

22അങ്കണവാടികൾക്ക് സ്വന്തം കെട്ടിടമില്ലാത്തതും ചുറ്റുമതിൽ ഇല്ലാത്തതും വലിയ പോരായ്മയാണ്. തുടർ വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കമ്പോൾ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.1 / 21.06.2022 ന് ലഭിച്ചമറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

## 1-32 മഴക്കാല പൂർവ ശുചീകരണം - ഫണ്ട് വിനിയോഗം ലക്ഷ്യം കാണുന്നില്ല

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെയും ശുചിത്വ മിഷൻ അക്കൗണ്ടുകളിൽ 04-05-2020, 15-05-2020 എന്നി തീയതികളിലായി 15,000- രൂപ അക്കൗണ്ട് ട്രാൻഫർ ചെയ്തിരുന്നു. ഗ്രാമ പഞ്ചായത്തിലെ ആകെയുള്ള 15 വാർഡുകളിൽ 8 വാർഡുകളിൽ മാത്രമാണ് ഇതുമായി ബന്ധപ്പെട്ട പണം പിൻവലിച്ച് ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 7 വാർഡുകളിൽ അഞ്ചു വാർഡുകളിൽ പണം അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ചിട്ടില്ല. വാർഡ് 10 ൽ 2-07-2020 തിയ്യതി 15,000/- രൂപ പിൻവലിച്ചെങ്കിലും ആയതിന് ഉപോൽബലകമായുള്ള ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല, വാർഡ് 9 ൽ 20-7-2020 തിയ്യതി 15,000/- രൂപ പിൻവലിച്ചെങ്കിലും 5,000/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വിവരണം | വാർഡുകൾ | ചെലവ് രേഖകൾ ഹാജരാക്കാത്ത തുക |
|---|---|---|---|
| 1 | ചെലവ് രേഖകൾ ഹാജരാക്കിയ വാർഡുകൾ | വാർഡ് 1 | ഇല്ല |
| | | വാർഡ് 2 | |
| | | വാർഡ് 3 | |
| | | വാർഡ് 4 | |
| | | വാർഡ് 7 | |
| | | വാർഡ് 8 | |
| | | വാർഡ്13 | |
| | | വാർഡ്14 | |
| 2 | ചെലവ് രേഖകൾ ഹാജരാക്കാത്ത വാർഡുകൾ | വാർഡ്10 | 15000/- |
| 3 | ചെലവ് രേഖകൾ ഭാഗികമായി ഹാജരാക്കിയ വാർഡുകൾ | വാർഡ് 9 | 10000/- |
| 4 | തുക ചെലവഴിക്കാത്ത വാർഡുകൾ | വാർഡ് 5 | തുക അക്കൊണ്ടിൽ നിന്നും |
| | | വാർഡ് 6 | |
| | | വാർഡ് 11 | |

| | | |
|---|---|---|
| | വാർഡ്12 | പിൻവലിച്ചില്ല |
| | വാർഡ്15 | |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:26/ തിയ്യതി 30-06-2022)മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 25,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. മഴക്കാല പൂർവ ശുചീകരണത്തിനായി അനുവദിക്കുന്ന ഫണ്ട് അതാത് സാമ്പത്തിക വർഷം തന്നെ വാർഡുകളിലെ മഴക്കാല പൂർവ ശുചീകരണത്തിന് വിനിയോഗിക്കാത്തത് മൂലം, മഴക്കാലത്തിന് മുൻപ് തന്നെ സാംക്രമിക രോഗങ്ങളും, മറ്റ് ജലജന്യ രോഗങ്ങളും തടയുക എന്ന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല. അതിനാൽ അതാത് വർഷം അനുവദിക്കുന്ന തുക അതാത് വർഷം തന്നെ വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. മഴക്കാല പൂർവ്വ ശുചീകരണത്തിനായി 2021-22 വർഷം എല്ലാ വാർഡുകൾക്കും തുക അനുവദിച്ചിട്ടുള്ളതിനാൽ 2020-21 വർഷം ചെലവഴിക്കാതെ വാർഡ് തല സാനിട്ടേഷൻ കമ്മിറ്റിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക തിരികെ ഒടുക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 പ്രൊക്യൂർമെന്റ് കമ്മിറ്റി- പ്രവർത്തനം ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെടുന്നില്ല-

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം 259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി / നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക , അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ തുടങ്ങികരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും , നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ട് പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ തൻ വർഷം 28.5.2020 ലാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. 16 പേർ പങ്കെടുത്ത യോഗത്തിൽ, തൻവർഷം ആസൂത്രണ സമിതി അംഗീകരിച്ച് സെക്രട്ടറി,ഐസിഡിഎസ്സ് സൂപ്പർവൈസർ, വെറ്ററിനറി സർജൻ, എച്ച്.എം, കൃഷി ഓഫീസർ എന്നിവർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിലെ വാങ്ങലുകൾ സംബന്ധിച്ച ടെണ്ടർ അംഗീകരിച്ചു കൊണ്ടുള്ള ഒരു തീരുമാനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷം വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെയും, ആട്, പശു തുടങ്ങിയ ജീവനോപാധികളുടെയും ഗുണമേന്മ കമ്മിറ്റി ഉറപ്പ് വരുത്തുന്നതിനായും കമ്മിറ്റി പിന്നീട് യോഗം ചേർന്നിട്ടില്ല.ആയതിനാൽ തന്നെ വാങ്ങിയ ഉപകരണങ്ങൾ ആവശ്യമായ ഗുണനിലവാരം പുലർത്തിയിരുന്നോ എന്നതും വ്യക്തമല്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-34 സർക്കാർ നിർദ്ദേശപ്രകാരമുള്ള പന്ത്രണ്ടിന പരിപാടികൾ നടപ്പാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചു

തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായി 2020-21 വർഷം പന്ത്രണ്ട് ഇന പരിപാടികൾ നടപ്പാക്കണമെന്ന് സ.ഉ(കൈ)45/2020/തസ്വഭവ, 6.3.20 പ്രകാരം നിർദ്ദേശിച്ചിരുന്നു. ഇവ പ്രകാരം, വിശപ്പ് രഹിത കേരളം-ജനകീയ ഹോട്ടൽ, വയോക്ലബ്ബുകൾ, ശുചിത്വകേരളം, പൊതുടോയ്ലറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും, തോടുകളുടെ ശുചീകരണം, ഫലവൃക്ഷതൈകൾ നട്ട് പരിപാലിക്കൽ, ജൈവപച്ചക്കറി കൃഷി, ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, പൊതു വിദ്യാഭ്യാസ യജ്ഞം, പാലിയേറ്റീവ് പരിചരണം, പട്ടികവിഭാഗങ്ങളുടെ വികസനം, ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ എന്നിവ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതുണ്ട്.അതിൻപ്രകാരം നെടുമുടി ഗ്രാമപഞ്ചായത്ത് തൻ വർഷം നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

വിശപ്പ് രഹിത കേരളം-ജനകീയ ഹോട്ടൽ ആരംഭിച്ചിട്ടുണ്ട്.

ശുചിത്വകേരളം- സമ്പൂർണ്ണ ശുചിത്വ പദവി കൈവരിച്ചിട്ടുണ്ട്.

തോടുകളുടെ ശുചീകരണം- ഉന്നൂരം പാടശേഖരത്തിന് ചുറ്റുമുള്ള കനാൽ ആഴം കൂട്ടി നീരൊഴുക്ക് വർദ്ധിപ്പിച്ചു.

ജൈവപച്ചക്കറി കൃഷി-സുഭിക്ഷകേരളം ജൈവപച്ചക്കറിക്കായി പദ്ധതി നടപ്പാക്കി

ഫലവൃക്ഷതൈകൾ നട്ട് പരിപാലിക്കൽ-ഫലവൃക്ഷതൈകൾ വിതരണം നടത്തിയിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണം- പദ്ധതി നടപ്പാക്കി

പൊതു വിദ്യാഭ്യാസ യജ്ഞം- അക്ഷരം ഉറച്ചിട്ടില്ലാത്ത കുട്ടികൾക്ക് പരിഹാരമായി പി.ടി.എ.യുടെ നേതൃത്വത്തിൽ റെമഡിയൽ വിദ്യാഭ്യാസം ഏർപ്പെടുത്തി.

പട്ടികവിഭാഗങ്ങളുടെ വികസനം-പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ-ദുരന്ത നിവാരണ രേഖ തയ്യാറാക്കിയിട്ടുണ്ട്.

പൊതുടോയ്‌ലറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും- പദ്ധതി ഏറ്റെടുത്തെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ നടപ്പിലാക്കുവാൻ കഴിഞ്ഞില്ല.

പൊതുടോയ്‌ലറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങൾ, വയോക്ലബ്ബുകൾ, ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം എന്നീ പദ്ധതികൾ ഒഴികെ പന്ത്രണ്ട് ഇന പരിപാടിയിൽ ഉൾപ്പെട്ട പ്രോജക്ടുകളിൽ ഏറെയും പഞ്ചായത്തിന്റെ പരിമിതമായ സൌകര്യങ്ങളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കപ്പെട്ടിട്ടുണ്ട് എന്നത് പ്രശംസനീയമാണ്.

മേൽ രേഖപ്പെടുത്തിയിട്ടുള്ളവയിൽ ഇനിയും നടപ്പിലാക്കാത്ത സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രോജക്ടുകൾ, പ്രാദേശിക സവിശേഷതകളും ആവശ്യകതയും പരിഗണിച്ചുകൊണ്ട് നിർവ്വഹിക്കുന്നതിന് മുൻഗണന നല്കേണ്ടതാണ്.

## 1-35 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

2020-21-ന്റെ ആരംഭത്തോടെ ലോകത്താകമാനം സാരമായി ബാധിച്ച കോവിഡ് 19 മഹാമാരി, നെടുമുടി ഗ്രാമപഞ്ചായത്തിന്റെയും സാമൂഹിക,സാമ്പത്തിക, ആരോഗ്യ, തൊഴിൽ മേഖലകളിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും ഈ പ്രതിസന്ധി മറികടക്കുന്നതിനും, ഈ മഹാമാരിയിൽ നിന്നും ഗ്രാമ പഞ്ചായത്തിലെ ജനങ്ങളെ സംരക്ഷിക്കുന്നതിനും, ലോക്ക്ഡൌൺ മൂലവും, കോവിഡ് പിടിപെട്ടും വീടുകളിൽ കഴിഞ്ഞിരുന്ന ജനതയ്ക്ക് ഭക്ഷണവും മരുന്നും, ആവശ്യമായ മറ്റ് സഹായങ്ങളും എത്തിച്ച് നൽകുന്നതിനും, ഭരണസമിതിയും, ജീവനക്കാരും, സന്നദ്ധ സേനകളും, സന്നദ്ധ സംഘടനകളും നടത്തിയ ശ്രമങ്ങൾ പ്രശംസനീയമാണെന്ന് ഇതുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകളുടെ പരിശോധനയിൽ നിന്നും വ്യക്തമാണ്. കോവിഡ് പ്രതിരോധത്തിനും, അതിൽ നിന്നുള്ള അതിജീവനത്തിനുമായി ടി കാലയളവിൽ ഗ്രാമ പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് ചുവടെ ചേർക്കുന്നു.

ആകെ രോഗബാധിതരുട എണ്ണം-3362

മരണപ്പെട്ടത് - 30

1.കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ വിവരം-

ഗ്രാമപഞ്ചായത്തിൽ 6000 4000കുടുബങ്ങളെ ഉൾപ്പെടുത്തി വാട്ട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ച് കോവിഡുമായി ബന്ധപ്പെട്ടുള്ള ആശയവിനിമയം ഉറപ്പാക്കി. കോൾ സെന്റർ ആരംഭിച്ചു. 2കോവിഡ് കെയർ സെന്ററുകൾ ആരംഭിച്ചു. ചങ്ങനാശ്ശേരിയിൽ നിന്നും രോഗികൾക്ക് ആവശ്യമായ മരുന്ന് എത്തിക്കുന്നതിന് വാഹനം ഏർപ്പെടുത്തി. പഞ്ചായത്തിലെ 8 സബ്സെന്ററുകളിലും മെഡിക്കൽ ക്യാമ്പ് ആരംഭിച്ചു. പ്രതിരോധപ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ജീവനക്കാരെ ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. ജനങ്ങൾ സ്ഥിരമായി എത്തുന്ന സ്ഥാപനങ്ങളും അവയുടെ പരിസരവും വാർഡ് സാനിട്ടേഷൻ സമിതിയുടെ നേതൃത്വത്തിൽ ശുചീകരിച്ച് അണുവിമുക്തമാക്കി.

2.കമ്മ്യൂണിറ്റി കിച്ചൻ

ഒരാളും പട്ടിണി കിടക്കരുതെന്ന ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശം ശിരസാവഹിച്ചുകൊണ്ട് നെടുമുടി ഗ്രാമ പഞ്ചായത്ത് കമ്മയൂണിറ്റി കിച്ചൻ 2020 മാർച്ച് 28 ന് തന്നെ ഒരുക്കി. കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും സന്നദ്ധപ്രവർത്തകർ നിരാലംബരായ അഗതികൾക്കും കോവിഡ് ബാധിച്ച് ക്വാറന്റൈനിൽ കഴിയുന്ന രോഗികൾക്കും കൃത്യമായി ഭക്ഷണം എത്തിച്ച് നൽകി.

3.ചെലവ് വിവരം

മാസ്ക് വാങ്ങുന്നതിനായി പ്ളാൻ ഫണ്ടിൽ നിന്ന് 112000/-രൂപ ചെലവ് വന്നി ട്ടുണ്ട്. കൂടാതെ തനത് ഫണ്ടിൽ നിന്ന് പ്രത്യേക പ്രോജക്ടുകളില്ലാതെ ( Epidemic Control - Implements For The Control Of Communicable Disease ഹെഡ് പ്രകാരം) 773800രൂപ ചെലവുണ്ട്.

4.വാക്സിനേഷന്റെ വിവരങ്ങൾ-

ഗ്രാമപഞ്ചായത്തിലെ അവസാനം എടുത്ത കണക്കുകൾ പ്രകാരമുള്ള ആകെ ജനസംഖ്യ-20970

60 വയസിന് മുകളിൽ ഒന്നും രണ്ടും ഡോസ് സ്വീകരിച്ചവർ-99%

ബൂസ്റ്റർ ഡോസ് സ്വീകരിച്ചവർ-72.2%

15-18 വയസ് ഒന്നാം ഡോസ്-97%

രണ്ടാംഡോസ്-96.3%

12-14വയസ് ഒന്നാം ഡോസ് 89.3%

രണ്ടാംഡോസ്-77%

(ഓഡിറ്റ് എൻക്വയറി നം.2/21.06.22ന് ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയില്ല- 7500/- രൂപ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2020-21ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1, | മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, പൊങ്ങ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| 2, | മുളമൂട്ടിൽ ഫിനാൻസിയേഴ്സ് , പൂപ്പള്ളി | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| 3 | വൈപ്പും മഠം ഫിനാൻസിയേഴ്സ് , ബി.എസ്.എൻ.എൽ ജംഗ്ഷൻ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2= 2500 |
| ആകെ | | | 7500/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:13 ,തീയതി 25/06/2022) മറുപടി ലഭിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് - നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല- നഷ്ടം 29,331/- രൂപ

വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട്കോളം (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല.വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പഞ്ചായത്ത് നൽകിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | വൌച്ചർ | ഇൻവോയിസ് | നല്കിയ | ചെലവ് | അനുവദനീയമായ | അധികം |
|---|---|---|---|---|---|---|

| നം | നം/<br>തീയതി | നം./ തീയതി<br>ദിനപത്രം | പരസ്യത്തിന്റെ<br>വലുപ്പം /<br>നിരക്ക് | | വലുപ്പം/ചെലവ് | ചെലവാക്കിയ<br>തുക |
|---|---|---|---|---|---|---|
| 1 | 22000458<br>/<br>14-09-2020 | KC0430610844<br>/ 23.06.2020<br>മലയാള<br>മനോരമ | 10×8=80 $Cm^2$<br>48/$cm^2$ | 3840 +<br>$2^{nd}$ പേജ്<br>25%(960)<br>-<br>Discount15%(0)<br>+GST (5%)240<br>=5040 | 3×8 =24 $Cm^2$<br>24×48= 1152 +<br>$2^{nd}$ പേജ്<br>25%(288)<br>- Discount15%(0)<br>+GST (5%)72<br>=1512 | 3528 |
| 2 | 22000459<br>/<br>14-09-2020 | KD0432013549<br>/ 23.06.2020<br>മലയാള<br>മനോരമ | 10×8=<br>80 $Cm^2$<br>48/$cm^2$ | 3840/<br>+ $2^{nd}$ പേജ്<br>25%(960)<br>- Discount15% (0)<br>+GST (5%)240<br>=5040 | 3×8 =24 $Cm^2$<br>24×48= 1152 +<br>$2^{nd}$ പേജ്<br>25%(288)<br>- Discount15%(0)<br>+GST (5%)72<br>=1512 | 3528 |
| 3 | 22000468<br>/<br>17-09-2020 | ALP/20-21/0532<br>/<br>18-07-2020<br>ദേശാഭിമാനി | 5×8=<br>40 $Cm^2$<br>180 /$Cm^2$ | 7200 -<br>Discount15%(1080)<br>+GST (5%)306<br>=6426 | 3×8 =24 $Cm^2$<br>24×180= 4320<br>– Discount15%<br>(648)<br>+GST (5%)184 =<br>3856 | 2570 |
| 4 | 22000472<br>/<br>18-09-2020 | 321000122528 /<br>07-02-2020<br>മാതൃഭൂമി | 4×8=<br>32 $Cm^2$<br>260 /$Cm^2$ | 8320-<br>Discount(15%)1248+<br>GST(5%) 353.6<br>= 7426 | 3×8 =24 $Cm^2$<br>24×260= 6240<br>– Discount15%<br>(936)<br>+GST (5%)265.2<br>=5569 | 1857 |
| 5 | | 321000137146 /<br>15-03-2020<br>മാതൃഭൂമി | 5×8=<br>40 $Cm^2$<br>260 /$Cm^2$ | 10,400-<br>Discount(15%)1560+<br>GST(5%) 442<br>= 9282 | 3×8 =24 $Cm^2$<br>24×260= 6240<br>– Discount15%<br>(936)<br>+GST (5%)265.2<br>=5569 | 3713 |
| 6 | | ALP/2019/0483<br>/<br>19-07-2019<br>ദേശാഭിമാനി | 5×8=<br>40 $Cm^2$<br>180 /$Cm^2$ | 5760 -<br>Discount15%(864)<br>+GST (5%)244.8<br>=5141 | 3×8 =24 $Cm^2$<br>24×180= 4320<br>– Discount15%<br>(648)<br>+GST (5%)184<br>=3856 | 1285 |
| 7 | | ALP/2019/0940<br>/<br>19-09-2019<br>ദേശാഭിമാനി | 4×8=<br>32 $Cm^2$<br>180 /$Cm^2$ | 5760 -<br>Discount15%(864)<br>+GST (5%)244.8<br>=5141 | 3×8 =24 $Cm^2$<br>24×180= 4320<br>– Discount15%<br>(648)<br>+GST (5%)184<br>=3856 | 1285 |

| | | | | | | |
|---|---|---|---|---|---|---|
| 8 | | ALP/2020/1879 / 07-02-2020 ദേശാഭിമാനി | 4×8= 32 $Cm^2$ 180 /$Cm^2$ | 5760 - Discount15%(864) +GST (5%)244.8 =5141 | 3×8 =24 $Cm^2$ 24×180= 4320 -Discount15% (648) +GST (5%)184 =3856 | 1285 |
| 9 | | ALP/2020/2234 / 07-02-2020 ദേശാഭിമാനി | 4×8= 32 $Cm^2$ 180 /$Cm^2$ | 5760 - Discount15%(864) +GST (5%)244.8 =5141 | 3×8 =24 $Cm^2$ 24×180= 4320 -Discount15% (648) +GST (5%)184 =3856 | 1285 |
| 10 | 22000033 / 08-10-2020 | ALP/20-21/0575 / 07-02-2020 ദേശാഭിമാനി | 4×8= 32 $Cm^2$ 180 /$Cm^2$ | 5760 - Discount15%(864) +GST (5%)244.8 =5141 | 3×8 =24 $Cm^2$ 24×180= 4320 – Discount15% (648) +GST (5%)184 =3856 | 1285 |
| 11 | 22000473 / 18-09-2020 | ALP/20-21/0398 / 27-06-2020 ദേശാഭിമാനി | 5×8= 40 $Cm^2$ 180 /$Cm^2$ | 7200 - Discount15%(1080) +GST (5%)306 =6426 | 3×8 =24 $Cm^2$ 24×180= 4320 – Discount15% (648) +GST (5%)184 =3856 | 2570 |
| 12 | | ALP/20-21/0385 / 26-06-2020 ദേശാഭിമാനി | 4×8= 32 $Cm^2$ 180 /$Cm^2$ | 5760 - Discount15%(864) +GST (5%)244.8 =5141 | 3×8 =24 $Cm^2$ 24×180= 4320 – Discount15% (648) +GST (5%)184 =3856 | 1285 |
| 13 | | ALP/20-21/0371 / 23-06-2020 ദേശാഭിമാനി | 4×8= 32 $Cm^2$ 180 /$Cm^2$ | 5760 - Discount15%(864) +GST (5%)244.8 =5141 | 3×8 =24 $Cm^2$ 24×180= 4320 – Discount15% (648) +GST (5%)184 =3856 | 1285 |
| 14 | | ALP/20-21/0398 / 27-06-2020 ദേശാഭിമാനി | 5×8= 40 $Cm^2$ 180 /$Cm^2$ | 7200 - Discount15%(1080) +GST (5%)306 =6426 | 3×8 =24 $Cm^2$ 24×180= 4320 – Discount15% (648) +GST (5%)184 =3856 | 2570 |
| ആകെ | | | | | | 29,331 |

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളിൽ കാരണം 29,331/- രൂപയുടെ ചെലവുനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 28.06.2022

ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-23) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 MGNREGS - കരാറുകാരനിൽ നിന്നും ജിഎസ്സ്ടി ഈടാക്കിയില്ല-നഷ്ടം - 18735/-രൂപ

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കും,ഗ്രഡ് എർത്തും മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്സ്ടി കുറവ് ചെയ്തിട്ടില്ല .ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം , 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തകഴി പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. അവയ്ക്ക് ചില ഉദാഹരണവും,വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/വർക്ക് കോഡ്./M-Book | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ജിഎസ്സ്ടി(2%) | FTO No./തീയതി |
|---|---|---|---|---|---|
| 1 | 5- ാം വാർഡിൽ കൊട്ടാരം ജെട്ടി മുതൽ തെക്കോട്ട് റോഡ് കോൺക്രീറ്റിംഗ്.-ഘട്ടം-2<br>( MBook No. 182/20-21, വർക്ക് കോഡ്.RC-331589) | ഗോപിനാഥ് പ്രശാന്ത്, പ്രഹ്ലാലയം | Rs-320800/- | 6416/- | 1)294313/27.04.21/ Rs- 80014/-<br>2)294280/12.04.21/ Rs- 60736/-<br>3)294280/11.04.21/ Rs- 96186/-<br>4)294280/10.04.21/ Rs- 91341/- |
| 2 | 5- ാം വാർഡിൽ കൊട്ടാരം ജെട്ടി മുതൽ തെക്കോട്ട് റോഡ് കോൺക്രീറ്റിംഗ്.-ഘട്ടം-1<br>( MBook No. 181/20-21, വർക്ക് കോഡ്.RC-331588) | ഗോപിനാഥ് പ്രശാന്ത്, പ്രഹ്ലാലയം | Rs-334795/- | 6696/- | 1)960766/27.03.21/ Rs- 47175/-<br>2)960572/11.01.21/ Rs- 181831/-<br>3)960604/11.01.21/ Rs- 61789/-<br>4)960741/27.03.21/ Rs- 44400/- |
| 3 | 8- ാം വാർഡിൽ 77 ൽ ചിറ മുതൽ കോച്ചേരി വരെ മക്കും ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം<br>( MBook No. 207/20-21, വർക്ക് | ജോസഫ് കുഞ്ചെറിയ. | Rs-281171/- | 5623/- | 1)914463/22.12.20/ Rs- 127000/-<br>2)914401/22.12.20/ Rs- 154853/- |

| | | | | | |
|---|---|---|---|---|---|
| | കോഡ്.RC-353559) | | | | |
| | | | ആകെ | 18735/- | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 10 ) ലഭ്യമാക്കിയ മറുപടിയിൽ ജിഎസ്സ്ടി ഇനത്തിൽ ഈടാക്കാതിരുന്ന തുക അടിയന്തരമായി അടയ്ക്കുന്നതിന് ബന്ധപ്പെട്ട കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കരാറുകാരിൽ നിന്നും തുക ഈടാക്കി ജിഎസ്സ്ടി വകുപ്പിൽ ഒടുക്കേണ്ടതാണ്.അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-3 MGNREGS- മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-നഷ്ടം-7089/- രൂപ

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ ,വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.(ഇൻകം ടാക്സ് കമ്മീഷണറുടെ 13-05-20 ലെ നിർദ്ദേശപ്രകാരം 14-05-20 മുതൽ 31-05-21 വരെ വ്യക്തികളാണെങ്കിൽ 0.75% ഉം സ്ഥാപനങ്ങളാണെങ്കിൽ 1.5% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയാൽ മതി.ആയത് പിന്നീട് 31-03-22 വരെ നീട്ടി നൽകി ) എന്നാൽ താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 0.75% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. ആദായ നികുതി ഈടാക്കാതിരുന്നത് മൂലം 7089/- രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (11 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം, ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/ വർക്ക് കോഡ്. | കരാറുകാരൻ /കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | അളവ് പുസ്തകം പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി(0.75%) | FTO No./ തീയതി |
|---|---|---|---|---|---|
| 1. | 5- ാം വാർഡിൽ കൊട്ടാരം ജെട്ടി മുതൽ തെക്കോട്ട് റോഡ് കോൺക്രീറ്റിംഗ്. -ഘട്ടം-2 ( MBook No. 182/20-21, വർക്ക് കോഡ്. RC- 331589) | ഗോപിനാഥ് പ്രശാന്ത്, പ്രഹ്ലാലയം | Rs-328277/-( M Book Page No.15 പ്രകാരം) | 2462/- | 1)294313/ 27.04.21/ Rs-80014/- 2)294280/ 12.04.21/ Rs-60736/- 3)294280/ 11.04.21/ Rs-96186/- 4)294280/ 10.04.21/ Rs-91341/- |
| 2. | 5- ാം വാർഡിൽ കൊട്ടാരം ജെട്ടി മുതൽ തെക്കോട്ട് റോഡ് | ഗോപിനാഥ് പ്രശാന്ത്, പ്രഹ്ലാലയം | Rs-335246/-( M Book Page No.17 പ്രകാരം) | 2514/- | 1)960766/ 27.03.21/ Rs-47175/- 2)960572/ 11.01.21/ |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ്. -ഘട്ടം-1 ( MBook No. 181/20-21, വർക്ക് കോഡ്.RC-331588) | | | | Rs-181831/- 3)960604/ 11.01.21/ Rs-61789/- 4)960741/ 27.03.21/ Rs-44400/- |
| 3. | 8- ാം വാർഡിൽ 77 ൽ ചിറ മുതൽ കോച്ചേരി വരെ മക്കും ഗ്രാവലും ഉപയോഗിച്ച് ബണ്ട് നിർമ്മാണം ( MBook No. 207/20-21, വർക്ക് കോഡ്.RC-353559) | ജോസഫ് കുഞ്ചെറിയ | Rs-281853/-( M Book Page No.14 പ്രകാരം) | 2113/- | 1)914463/ 22.12.20/ Rs-127000/- 2)914401/ 22.12.20/ Rs-154853/- |
| | | | ആകെ | 7089/- രൂപ | |

## 3-4 മുദ്രപത്ര വില ഈടാക്കിയതിൽ കുറവ്-നഷ്ടം-4553/- രൂപ

അസ്സി.എൻജി.നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2020-21 ലും നടന്നു വരുന്ന ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തികളിൽ കരാർ ഏജൻസിയുമായി നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ വെച്ചിട്ടില്ലായെന്ന് കണ്ടു.വിശദ വിവരം ചുവടെ ചേർക്കുന്നു.

1.തുമ്പൂരാൻ പാടശേഖരത്തിന്റെ റോഡ് പുനരുദ്ധാരണം -

തുമ്പൂരാൻ പാടശേഖരത്തിന്റെ റോഡ് പുനരുദ്ധാരണം എന്ന പ്രവർത്തിയുടെ നിർവ്വഹണത്തിനായി അക്രെഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിനെ കമ്മിറ്റി തീരുമാനിക്കുകയും, ടി സ്ഥാപനവുമായി 6 മാസത്തെ കാലാവധിയിൽ 18-02-20 ൽ കരാർ വെച്ചിട്ടുണ്ട്. ഈ പ്രവർത്തിയുടെ ആകെ എസ്റ്റിമേറ്റ് തുക 1970475/- രൂപയായിരുന്നു. 01-04-2018 മുതൽ പ്രാബല്യത്തിൽ വന്ന 2018ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4,ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂൾ -11ൽ (G) നമ്പരായി പുനർനാമകരണം ചെയ്തിട്ടുള്ള ഉപവകുപ്പിന് മുൻപായി പുതുതായി ഉൾപ്പെടുത്തിയ ഉപവകുപ്പ്(എഫ്) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും,കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഈ പ്രവർത്തിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നിർമ്മിതി കേന്ദ്രവുമായി കരാർ വെച്ചിട്ടുള്ളത് 200/- രൂപ മൂല്യമുള്ള മുദ്രപത്രത്തിലാണ്.

കരാർ തുക – 1970475/-

പുതുക്കിയ നിയമപ്രകാരം ആവശ്യമായ മുദ്രപത്ര വില – 1970/- രൂപ

കുറവ് - 1970 – 200 = 1770/-രൂപ

ഈ പ്രവർത്തിയുടെ കാലാവധി 6 മാസമായിരുന്നുവെങ്കിലും ( 18-08-2020 വരെ) ആയതിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിനാൽ 08-11-21 ലെ 9 (1)-ാം നമ്പർ തീരുമാന പ്രകാരം കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. എത്ര നാളത്തേയ്ക്കാണ് കാലാവധി നീട്ടി നൽകിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

08-12-21 ലെ 1 (9)-ാം നമ്പർ തീരുമാന പ്രകാരം പ്രവർത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സപ്ളിമെന്ററി കരാർ ഒപ്പു വെച്ചതിന്റെ രേഖകളില്ല. 2019 ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം, 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ വരുത്തിയ ഭേദഗതി പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനങ്ങൾക്കുമുള്ള സപ്ളിമെന്ററി കരാറിന്റെ സ്റ്റാമ്പ് ഡ്യൂട്ടി 01-04-19 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതനുസരിച്ച്

പൂർത്തീകരിക്കാനുള്ള പ്രവർത്തികൾക്കും, നൽകുവാനുള്ള സേവനങ്ങൾക്കുമുള്ള സ്റ്റാമ്പ് ഡ്യൂട്ടി സപ്ളിമെന്ററി കരാറിൽ സമ്മതിക്കുന്ന തുകയുടെ അടിസ്ഥാനത്തിലാണ് ഈടാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സപ്ളിമെന്ററി കരാർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ നിശ്ചിത തുകയ്ക്കുള്ള മുദ്ര പത്രത്തിലാണോ കരാർ വെച്ചതെന്നും വ്യക്തമല്ല.
ഈ പ്രവർത്തിയുടെ നിലവിലെ സ്ഥിതിയും ഫയലിൽ നിന്നും വ്യക്തമല്ല.

അനുബന്ധ വിവരങ്ങൾ-
പ്രൊ.നം.-210/20
അടങ്കൽ – 20,00,000/-
ചെലവ് വിവരം – 1)Rs- 1687000/- ബിൽ നം.07/21, Dt.02-07-20
നിർവ്വഹണ ഏജൻസി- നിർമ്മിതി കേന്ദ്രം.
2.ഉമ്പൂരാൻ പാടശേഖരത്തിന് ചുറ്റുമുള്ള കനാൽ ആഴം കൂട്ടി വൃത്തിയാക്കൽ-

അനുബന്ധ വിവരങ്ങൾ-
പ്രൊ.നം.-209/20
അടങ്കൽ – 30,13,000/-
ചെലവ് വിവരം – 1)Rs- 24,00,000/- ബിൽ നം.08/21, Dt.02-07-20

1)Rs- 613000/- ബിൽ നം.34/21, Dt.31-03-21
നിർവ്വഹണ ഏജൻസി- കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

കരാർ തുക – 30,13,000/-

പുതുക്കിയ നിയമപ്രകാരം ആവശ്യമായ മുദ്രപത്ര വില – 3013/- രൂപ

കുറവ് – 3013 – 200 = 2813/-രൂപ
ഒട്ടാകെ കുറവ് വന്നത് –1770 + 2813 = 4583/-രൂപ

അപാകതകൾക്ക് വിശദീകരണവും, രേഖകളും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് പരാമർശപ്രകാരമുള്ള വിവരങ്ങൾ രേഖാമൂലം ബന്ധപ്പെട്ട ഏജൻസികളെ അറിയിച്ചിട്ടുണ്ടെന്നും മുദ്രപത്രത്തിന്റെ മൂല്യത്തിലുണ്ടായ വ്യത്യാസം പരിഹരിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മുദ്രപത്ര വിലയിനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-5 കയറ്റിറക്ക് കൂലി അധികം നൽകി-നഷ്ടം-Rs-1817/- രൂപ

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 23 അംഗൻവാടികളിലേയ്ക്കാവശ്യമായ ഭക്ഷണ സാധനങ്ങളിൽ അമൃതം പൊടി , ലക്ഷ്മി, അമൃതം ഫുഡ് പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിൽ നിന്നും, ബാക്കിയുള്ളവ കൈനകരി സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഈ ഭക്ഷണ സാധനങ്ങൾ വിവിധ അംഗൻ വാടികളിൽ എത്തിച്ച് നൽകുന്നതിന് കിലോ ഗ്രാമിന് 2 രൂപ നിരക്കിൽ കരാർ എടുത്തിട്ടുള്ളത് ജോൺ ഈനാസ് , പൂത്തറച്ചിറ എന്ന വ്യക്തിയാണ്. കയറ്റിറക്ക കൂലിയിനത്തിൽ ടിയാന് 44582/- രൂപ നൽകിയിട്ടുണ്ട്. (22291xRs-2). എന്നാൽ ഹാജരാക്കിയ ബിൽ പ്രകാരം ആകെ വാങ്ങിയ ഭക്ഷണ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കും പ്രകാരമാണ്.
1.കയറ്റിറക്ക് കൂലിയിനത്തിൽ അധികം ചെലവഴിച്ചു-
ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം 1386491/- രൂപ പോഷകാഹാര വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ രേഖകളുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ബിൽ നം./ തീയതി | വാങ്ങിയ ആകെ അളവ് | 2/kg. നിരക്കിൽ അനുവദനീയമായ തുക | പരാമർശം |
|---|---|---|---|---|
| കൈനകരി സർവ്വീസ് സഹകരണ ബാങ്ക് | 416/30-03-20 | 154 | 308/- | |
| കൈനകരി | 414/24-03-20 | 3901 | 7802/- | |

| | | | | |
|---|---|---|---|---|
| സർവ്വീസ് സഹകരണ ബാങ്ക് | | | | |
| കൈനകരി സർവ്വീസ് സഹകരണ ബാങ്ക് | 417/30-03-20 | 2681 | 5362/- | |
| കൈനകരി സർവ്വീസ് സഹകരണ ബാങ്ക് | 416/30-03-20 | 154 | 308/- | |
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 93/24-04-20 | 669 | 1338/- | |
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 93/22-05-20 | 847 | 1694/- | സ്റ്റോക്ക് രജിസ്റ്റർ പേജ് 68 ൽ 864.50 Kg. ഭക്ഷണ സാധനം വിവിധ അംഗൻവാടികൾക്ക് വിതരണം നൽകിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| കൈനകരി സർവ്വീസ് സഹകരണ ബാങ്ക് | 001/21-07-20 | 3591 | 7182/- | സ്റ്റോക്ക് രജിസ്റ്റർ പേജ് 70 ൽ 864.50 Kg. ഭക്ഷണ സാധനം വിവിധ അംഗൻവാടികൾക്ക് വിതരണം നൽകിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 104/29-06-20 | 768 | 1536/- | |
| കൈനകരി സർവ്വീസ് സഹകരണ ബാങ്ക് | 004/08-10-20 | 4504 | 9008/- | |
| ലക്ഷ്മി അമൃതം ഫുഡ് | 34/22-10-20 | 762 | 1524/- | |

| | | | | |
|---|---|---|---|---|
| പ്രൊഡക്ട്സ്. | | | | |
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 111/29-07-20 | 893 | 1786/- | |
| | | | 37848/- | |
| | | | | |

2.സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം ചെയ്തിട്ടുള്ള ഭക്ഷണ സാധനങ്ങളുടെ ബിൽ ഇല്ല-

മേൽ സൂചിപ്പിച്ചവ കൂടാതെ , സ്റ്റോക്ക് രജിസ്റ്ററിൽ ചുവടെ രേഖപ്പെടുത്തിയ പ്രകാരമുള്ള അളവിലുള്ള സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| സ്ഥാപനം | ബിൽ നം./ തീയതി | വാങ്ങിയ ആകെ അളവ് | 2/kg. നിരക്കിൽ അനുവദനീയമായ തുക | പരാമർശം |
|---|---|---|---|---|
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 118/20-08-20 | 804 | 1608/- | സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. |
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 127/29-09-20 | 892.5 | 1785/- | സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. |
| ലക്ഷ്മി അമൃതം ഫുഡ് പ്രൊഡക്ട്സ്. | 134/22-10-20 | 762 | 1524/- | സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. |
| | | ആകെ | 4917/- | |

മേൽ അളവുൾപ്പെടെ കരാറുകാരന് അനുവദനീയമായ തുക – 37848/- + 4917 = 42765/-

നൽകിയത്- 44582/-

അധികം നൽകിയത് – Rs-1817/- രൂപ

അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിന്റെ ബിൽ ഇല്ലാതെ സ്റ്റോക്ക് രജിസ്റ്ററിൽ ആകെ 2458.50 Kg. അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. Kg.73.50 രൂപ നിരക്കിൽ 180700/- രൂപയാണ് ആയതിന് വേണ്ടി വരുന്നത് . ടി തുക നൽകിയതിന്റെ വിവരങ്ങളും, ഒറിജിനൽ ബില്ലും ഹാജരാക്കുവാനാവശ്യപ്പെട്ടിട്ടും, ആയത് ലഭ്യമാക്കിയിട്ടില്ല. ടി അപാകതകളിന്മേൽ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ-

പ്രൊജക്ട് നം.-20/21

ചെലവ് വിവരം – ചെക്ക് നം.22000352/ 18-02-21, Rs-419950/-

അടങ്കൽ – 17 ലക്ഷം

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

### 3-6 വൃദ്ധർക്ക് കട്ടിൽ വിതരണം-അനർഹരായവർക്ക് ആനുകൂല്യം നൽകി- 4350/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പദ്ധതി പ്രകാരം ഒരു വാർഡിൽ 12 ഗുണഭോക്താക്കൾ എന്ന നിരക്കിൽ 15 വാർഡുകളിലായി ആകെ 180 ഗുണഭോക്താക്കൾക്ക് സിഡ്കോയിൽ നിന്നും കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.ഗുണഭോക്താക്കൾ സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ മറികടന്ന്, ചില ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് , വിലാസം. | വാർഡ് നം. | പരാമർശം |
|---|---|---|
| ആന്റണി വിളവേലിൽ, തെക്കേമുറി,നെടുമുടി.പി.ഒ. | 7 | ആധാർ കാർഡ് പ്രകാരം ടി ഗുണഭോക്താവിന്റെ ജനന വർഷം 1962 ആണ്.അതിൻ പ്രകാരം 03/21 ൽ ടിയാന് 59 വയസ്സ് മാത്രമെ പൂർത്തിയാകൂ. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞവർക്ക് മാത്രമെ ടി ആനുകൂല്യം നൽകാനാവൂ. അപേക്ഷകന്റെ റേഷൻ കാർഡിൽ ടിയാനെ കൂടാതെ 29 വയസ്സുള്ള മറ്റൊരു അംഗം മാത്രമെ ഉൾപ്പെട്ടിട്ടുള്ളൂ. |
| രതമ്മ, കുഞ്ചായിൽ, നടുഭാഗം | 11 | ടിയാൻ ഉൾപ്പെട്ട റേഷൻ കാർഡ് നം. 1419024398 ൽ കാർഡിൽ ഉൾപ്പെട്ട ജ്യോതിമോൾ (45) എന്നയാളുടെ മാസവരുമാനം 15000/- രൂപയും, തൊഴിൽ , സംസ്ഥാന സർക്കാർ ജീവനം എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റിൽ വാർഷിക വരുമാനം 68000/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| | | |

അനുബന്ധ വിവരങ്ങൾ-

പ്രൊജക്ട് നം.-S0038/21

ചെലവ് വിവരം – BRN Number-20060452017201143787/ 24-02-21

അടങ്കൽ – 8 ലക്ഷം.

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (20 ) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ സബ്സിഡി മാർഗ്ഗ രേഖ പ്രകാരമുള്ള അടിസ്ഥാന മാനദണ്ഡമായ 60 വയസ്സ് തികയാത്ത ഗുണഭോക്താവിന് നൽകിയ കട്ടിലിന്റെ വിലയായ 4350/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. റേഷൻ കാർഡിൽ സർക്കാർ ജീവനം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഗുണഭോക്താവിന്റെ കാര്യത്തിൽ ആവശ്യമായ രേഖകൾ പരിശോധിച്ച് ടിയാന്റെ അർഹത ഉറപ്പു വരുത്തേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 50000 | പാലിന് സബ്സിഡി | 50000 | 0 |
| ആകെ | 150000 | | 150000 | |
| ബ്ലോക്ക് പഞ്ചായത്ത് | 400000 | ലൈഫ് ഭവന നിർമ്മാണം | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 121940 | അനുപൂരക പോഷകാഹാരം | 121940 | 0 |
| ആകെ | 821940 | | 821940 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളവാട്ടർ അതോറിറ്റി | എഴുപതിൽ ഭാഗം മുതൽ കോമഠം വരെ പൈപ്പ്ലൈൻ ദീർഘിക്കൽ | 21/05.11.2020 | 165000 | 0 | 165000 |
| | ഭസ്മത്തറ ശ്മശാനത്തിലേക്കുള്ള പൈപ്പ് ലൈൻ ദീർഘിക്കൽ | 20/05.11.2020 | 120000 | 0 | 120000 |
| | കോട്ടാരം ബോട്ട് ജെട്ടിമുതൽ ദേശസേവിനി വായനശാല വരെ പൈപ്പ്ലൈൻ ദീർഘിക്കൽ | 23/05.11.2020 | 102100 | 0 | 102100 |
| | വാർഡ് 3 ൽ പൈപ്പ്ലൈൻ ദീർഘിക്കൽ | 32/24.02.2021 | 1500000 | 0 | 1500000 |
| ഭൂജല വകുപ്പ് | വാർഡ് 14 ൽ കുടിവെള്ള പദ്ധതി | 20/12.06.2020 | 1840000 | 0 | 1840000 |
| | തത്തേരികുടിവെള്ള പദ്ധതി | 22/05.11.2020 | 230000 | | 230000 |
| | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പായിനത്തിൽ 1660000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/2018തസ്വഭവ | 1660000- Current Year Loan +18145900-OB) 19805900/- | 18145900/- | 1609412 | 0 | 18196488 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2012/13,2013/14 | 3-10 | 7000 | മിനി മന്മഥൻ , മെമ്പർ | 1200100292/17.11.20 |
| 2012/13,2013/14 | 3-10 | 7000 | എ.വി മുരളി, മെമ്പർ | 1200100293/17.11.20 |
| 2012/13,2013/14 | 3-10 | 7000 | എം.കെ. ചാക്കോ , മെമ്പർ | 1200100298/17.11.20 |
| 2012/13,2013/14 | 3-10 | 7000 | അമ്മിണി ചാക്കോ ,മെമ്പർ | 1200100304/17 /11.20 |
| 2012/13,2013/14 | 3-10 | 7000 | യശോദ സുകുമാരൻ ,മെമ്പർ | 1200100308/17.11.20 |
| 2012/13,2013/14 | 3-10 | 7000 | ജമീല, മെമ്പർ | 1200100309/17.11.20 |
| 2012/13,2013/14 | 3-10 | 7000 | കെ പി.അനിയപ്പൻ, മെമ്പർ | 1200100364/18.11.20 |
| 2012/13,2013/14 | 3-10 | 7000 | സുധാ ജേക്കബ് , മെമ്പർ | 1200100384/19.11.20 |
| 2018-19 | 1-25 | 8967 | നിളാ, ഐ. സി.ഡി.എസ് സൂപ്പർവൈസർ | 1200101267/17.03.21 |
| 2018-19 | 1-17 | 1250 | മാനേജർ എസ് ബി ഐ | 1200100538/11.01.21 |
| 2018-19 | 1-17 | 1250 | മാനേജർ എസ് ബി ഐ | 1200100539/11.01.21 |
| ആകെ | | 67467 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 5,80,83,878/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,26,85,557/- |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 7500/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 35498/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 23,35,494/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 7,500/- | | ജോയ് മാത്യു, സെക്രട്ടറി |
| 3-1 | | 29,331/- | ജോയ് മാത്യു, സെക്രട്ടറി |
| 3-5 | | 1817/- | അനിലാ ശശിധരൻ<br>ഐ.സി.എസ്.സൂപ്പർവൈസർ |
| 3-1 | | 4350/- | അനിലാ ശശിധരൻ<br>ഐ.സി.എസ്.സൂപ്പർവൈസർ |
| ആകെ | 7500 | 35498/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 69,716/- | ജോയ് മാത്യു, സെക്രട്ടറി |
| 1-16 | 21,17,100/- | ജോയ് മാത്യു, സെക്രട്ടറി |
| 1-23 | 47,250/- | അനിലാ ശശിധരൻ<br>ഐ.സി.എസ്.സൂപ്പർവൈസർ |
| 1-24 | 76,428/- | ജോയ് മാത്യു, സെക്രട്ടറി |
| 1-32 | 25,000/- | ഡോ.നജിമുദ്ദീൻ, മെഡിക്കൽ ഓഫീസർ,<br>സിഎച്ച്സി,ചെമ്പുംപുറം. |
| ആകെ | 23,35,494/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 4553/- | രശ്മി എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 18735/- | 6246/-സാജുമോൻ പത്രോസ്, സെക്രട്ടറി.<br>6246/-ലീനമോൾ, അസ്സി.സെക്രട്ടറി.<br>6243/-അഖിലാ മോഹൻലാൽ,<br>അക്രഡിറ്റഡ് എഞ്ചിനീയർ,<br>എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| 3-3 | 7089/- | 1659/-സാജുമോൻ പത്രോസ്, സെക്രട്ടറി.<br>2363/-ലീനമോൾ, അസ്സി.സെക്രട്ടറി.<br>2363/-അഖിലാ മോഹൻലാൽ,<br>അക്രഡിറ്റഡ് എഞ്ചിനീയർ,<br>എം.ജി.എൻ.ആർ.ഇ.ജി.എസ്.<br>704/-ജോയ് മാത്യു, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോയ് മാത്യു, സെക്രട്ടറി | സെക്രട്ടറി,പെരുമ്പളം ഗ്രാമപഞ്ചായത്ത്, | കായൽപ്പുറം,കൈനകരി പി.ഒ,ആലപ്പുഴ |

| | | |
|---|---|---|
| ലീനാമോൾ എൻ.സി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,നെടുമുടി ഗ്രാമപഞ്ചായത്ത് | ചെങ്ങലക്കാട്ട്, മുഹമ്മ പി.ഒ, ആലപ്പുഴ |
| രശ്മി എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നെടുമുടി ഗ്രാമപഞ്ചായത്ത് | മേട്ടുതറയിൽ, രാമപുരം, കീരിക്കാട്പി.ഒ, ആലപ്പുഴ |
| അനിലാ ശശിധരൻ ഐ.സി.എസ്.സൂപ്പർവൈസർ | ഐ.സി.എസ്.പ്രോജക്ട് ഓഫീസ്, കഞ്ഞിക്കുഴി | പുലരി, കൊറ്റംകുളങ്ങര, അവലൂക്കുന്ന് പി.ഒ, ആലപ്പുഴ. |
| അഖിലാ മോഹൻലാൽ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. നെടുമുടിഗ്രാമ പഞ്ചായത്ത് | മുട്ടുങ്കൽ ചിറയിൽ, കലവറ, പല്ലന പി.ഒ |
| സാജുമോൻ പത്രോസ്, സെക്രട്ടറി. | സെക്രട്ടറി.,വെളിയനാട് ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ. | തെക്കുംതറ, വൈശ്യംഭാഗം.പി.ഒ,ആലപ്പുഴ. |
| ഡോ.നജിമുദ്ദീൻ, മെഡിക്കൽ ഓഫീസർ, സിഎച്ച്സി,ചെമ്പുംപുറം. | മെഡിക്കൽ ഓഫീസർ, സിഎച്ച്സി,ചെമ്പുംപുറം. | അറാഫാ കോട്ടേജ്, വടശ്ശേരിക്കോണം,വർക്കല,തിരുവനന്തപുരം, പിൻ – 695413 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97<br>2005-06 | എൽ.എഫ്.ജി.എ5/832/2011/31.01.2012<br>(ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്) |
| 2006-07,2007-08 | എൽ.എഫ്.ജി.എ5/1577/2014/16.05.2014 |
| 2008-09 | എൽ.എഫ്.ജി.എ5/1577/14/07.06.2014 |
| 2009-10 | എൽ.എഫ്.ജി.എ5/1577/14/16.05.2014 |
| 2010-11,2011-12 | എൽ.എഫ്.എ.പി.1/766/13/21.01.14/11.04.2014 |
| 2012-13,2013-14 | എൽ.എഫ്.എ.പി.1/1990/14 |
| 2014-15 | കെ.എസ്.എ.എ.എൽ.പി1/87/2016/11.02.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി1/36/17/17.01.2017 |
| 2016-17 | കെ.എസ്.എ.എ.എൽ.പി1/723/17/19.06.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി1/177/2019/08.03.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി1/795/2020/18-01-21 |
| 2019-20 | കെ.എസ്.എ.എ.എൽ.പി1/361/2022/27.03.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്